പുസ്തകം ൩. ലക്കം ൯.

# സഹൃദയ

## 1. കലാവിദ്യകൾ *

(ശ്രീവൎദ്ധനത്തു എൻ. കൃഷ്ണപിള്ള എം. എ., എൽ. ടി.)

മനുഷ്യന്റെ പ്രവൃത്തിസമുദയത്തെ പൂൎവ്വഭാരതീയർ അറുപത്തിനാലു കലകളായി ഭാഗിച്ചിരിക്കുന്നു. പൊൻപണി, ചൂണ്ടലിടൽ, ചൂതുകളി, മോഷണം ഇവയും അവയിൽ പെട്ടതാണു്. അപ്പോൾ 'കല' എന്നതിന്നു്, 'കല സംഖ്യാനേ' (കണക്കാക്കൽ) എന്ന വ്യുത്പത്തി യോജിക്കുന്നതായിത്തോന്നുന്നു. 'കല' എന്നതിന്നു് അനേകം അൎത്ഥമുണ്ടു്. 'കലാസ്യാദംശശില്പയോഃ'—'കലാ ശില്പേ കാലഭേദേƒപി' എന്നു് അമരം നാനാൎത്ഥവൎഗ്ഗത്തിൽ കലാവിദ്യ (ഗീതനൃത്തവാദ്യാദി)കളുടേയും കാലവിശേഷത്തിന്റെയും പേർ എന്നു സമാഹരിക്കുന്നു. നാം ഇവിടെ 'കലാ ശില്പേ' എന്ന അംശം പിടിച്ചുപോകുന്നു. ശില്പം എന്നതു് ശീലസമാധൌ, 'ശില്പം സ്രു.വേ ക്രിയാദികേ'—വളരെ മനസ്സിരുത്തിച്ചെയ്യേണ്ടുന്ന ക്രിയാവിശേഷങ്ങളുടെ പേർ-നൃത്യഗീതാദി അറുപത്തിനാലു കലാവിദ്യകളുടെപേർ. ഇങ്ങനെ വ്യുത്പത്തി പ്രകരണം നില്ക്കട്ടെ.

നാം ഇവിടെ നൂർ കലകളെ മുൻനിൎത്തിപ്പുറപ്പെടുന്നില്ല. ഇവയിൽ മേന്മയുള്ള കുറെ കലകളുണ്ടല്ലൊ. സാഹിത്യം മുതലായ കലാവിദ്യകൾ, ആസ്പദമാക്കി വിദ്വാന്മാർ എന്നു മുതല്ക്കു ചൎച്ചചെയ്വാൻ തുടങ്ങി എന്നോ ഈ വ്യവസായം എന്നു് അവസാനിക്കുമെന്നോ പറവാൻ മേല. 'തദ്ഗുണൈഃ കൎണ്ണമാഗത്യ ചാപലായ പ്രചോദിതഃ' എന്ന ന്യായം അനുസരിച്ചു ഞാനും ചിലതു് എഴുതുമാറായി എന്നേയുള്ളു.

കലകളെ അല്ലെങ്കിൽ ശില്പവിദ്യയെ ലളിതകലകൾ എന്നും സോപകാരകലകൾ എന്നും രണ്ടായി തിരിക്കുന്നു. സംഗീതം, സാഹിത്യം മുതലായവയെ ലളിതത്തിന്നും വാസ്തുവിദ്യാദിയെ മറേറതിന്നും ഉദാഹരണമാക്കാം.

കല എങ്ങനെ ഉത്ഭവിക്കുന്നു?—പ്രകൃതിയെ അനുകരിച്ചുകൊണ്ടു് എന്നുപറയാം. ഇവിടെ പ്രകൃതിയെന്നതു് വെറും വെളിമേ നാം കാണുന്നതുമാത്രമല്ല; അതു് ഉൾകൊള്ളുന്ന മഹത്തായ സൃഷ്ടി

* (പകർപ്പവകാശം)

ക്ഷമതയും കാൎയ്യമാക്കേണ്ടതാണ്. പ്രകൃതിയെ അനുകരിക്കയെന്നതു് ഒരു ശരിപകൎപ്പെടുക്കയല്ല; ഇതു സോപകാരകലകളെസ്സംബന്ധിച്ച മിക്കവാറും ശരിതന്നെ. സൃഷ്ടിവിഷയത്തിൽ പ്രകൃതിയ്ക്കും കലാകാരനും ഉദ്ദേശങ്ങൾ ഭിന്നങ്ങളാകുന്നു. പ്രകൃതി കല പഠിപ്പിച്ചു എന്നു മിൽട്ടൺ പറയുന്നതു സോപകാരകലകൾക്കു പററുന്നു. അവ പ്രകൃതിയെ അനുസരിച്ചു ചില അംശങ്ങൾക്കു പൂരണം നൽകുന്നു.

കലാപരമായി ഭാരതീയരെപ്പോലെ തന്നെ യവനന്മാരും, വിശിഷ്യ പ്ലേറേറാ, അരിസ്റ്റോട്ടൽ, എന്നീ പണ്ഡിത പ്രകാണ്ഡങ്ങൾ, വളരെച്ചിന്തിച്ചിട്ടുണ്ടു്. അവർവഴി ചില പുതിയ ജ്ഞാനം നമുക്കു കിട്ടിയിട്ടുണ്ടല്ലൊ. ഈ ലോകം ഒരു് അനവദ്യാദൎശവസ്തുവിൻെറ ഒരു സമൎത്ഥാനുകരണം എന്നത്രെ പ്ലേറേറാ കണ്ടതു്. കല ഈ ലോകവസ്തുക്കളുടെ ഒരു് അനുകരണം എന്നു വന്നാൽ കലാകൎമ്മം പ്രപഞ്ചവിധാനത്തിൽ നിന്നു് ഒരു പടി താണുപോകുന്നു. ആകയാൽ ഈ മൊഴി അചാരുവാകുന്നു. പ്രത്യക്ഷത്തിനു വിഷയമല്ലാത്ത വസ്ത്വംശങ്ങൾ ചേൎത്തു് കലാകാരൻ സൃഷ്ടികൎമ്മം ആചരിക്കുന്നു. ഒരുവസ്തു ഇന്നവണ്ണമായിരിക്കണമെന്നു് അതിനൊരു പുതിയ സത്ത മനസ്സിൽ ഉന്നിക്കൊണ്ടുള്ള ഒരു സംവിധാനമാണു കല ചെയ്യുന്നതു്. വസ്തുവിൻെറ ഈ പുതിയ സത്ത കലാകാരൻെറ ഭാവനാലോകത്തല്ലാതെ മറെറങ്ങും കാണുന്നതല്ല. അവൻെറ അന്തഃകരണത്തിനുമാത്രം അതു വിഷയമാകും. ലോകത്തു കാണുന്നതിൻെറ കുറവും കുററവും അതിനുണ്ടാകയില്ല. ഒരു ജാതിയിൽപെട്ട വസ്തുവിൻെറ ഗുണാംശങ്ങളെല്ലാം അതിൽ തികഞ്ഞുകാണും. അതിൻെറ ഒരു പ്രതിദ്വന്ദ്വി ഈ ലോകത്തു കാണുന്നില്ല. ചിത്രഗതമായ പുഷ്പവും ആ ജാതി ഇവിടെ കാണുന്നതും തമ്മിൽ താരതമ്യം ചെയ്താൽ ചിത്രപുഷ്പം വളരെ ആകൎഷകമായിരിക്കും. ചിത്രപുഷ്പം കലാകാരൻെറ അന്തഃകരണത്തിൽ നിന്നു് ഉദിച്ചതാണു്. അങ്ങനെ സകലകലകളുടേയും ഉത്ഭവസ്ഥാനം നമ്മുടെ അന്തഃകരണമാകുന്നു.

ഇപ്രകാരം സകല കലകൾക്കും കാരണമായ മനുഷ്യനെക്കൂടാതുള്ള ഒരു കലാപ്രകടനം ഉത്തമകലയ്ക്കു് ഉദാഹരണമാകുന്നതല്ല. ചക്രവാളം മററു ജീവിരാശി എന്നിവ പശ്ചാത്തലമാക്കിവെക്കുന്നതു സൃഷ്ടിയിൽ നടുനായകമായ മനുഷ്യൻെറ പുറപ്പാടിനാണു് എന്നു നാം ഓൎക്കണം.

സൎവ്വകലകൾക്കും ഇരിപ്പിടം മനുഷ്യൻെറ അന്തഃകരണം എന്നു പറഞ്ഞല്ലൊ. എന്നാൽ സങ്കല്പലോകത്തുണ്ടാകുന്ന ഉദയങ്ങൾക്കു് ഒരു് ആസ്പദം ബാഹ്യലോകം നൽകുന്നതാകുന്നു; എങ്കിലും അവ രണ്ടും ഭിന്നിച്ചിരിയ്ക്കയും ചെയ്യുന്നു. വെറും കാൎയ്യകാരണങ്ങൾ ആരായുന്ന ശുഷ്കബുദ്ധിക്കു് ഇവ തമ്മിലുള്ള വ്യത്യാസമോ ഇവ തമ്മിൽ ഏററക്കുറവായിക്കാട്ടുന്ന ആൎദ്ദ്രമോ ബോധപ്പെടാതിരുന്നേക്കും. ബാഹ്യവസ്തുക്കളെ ഭാവനാശക്തി അതുപടി ദൎശിക്കയല്ല; ഒരുതരം മായാ യവനികകൊണ്ടു മൂടിയവണ്ണം കാണുകയാണുചെയ്യുന്നതു്. സത്യം ജയിക്കുന്നു എന്ന തത്ത്വം തന്നെ ഹരിശ്ചന്ദ്രചരിതരൂപത്തിലാണു ദൎശിക്കപ്പെടുന്നതു്. എന്നും കണ്ടുപഴകിയ സ്ഥിതിവിട്ടു് അതു് അകന്നുനില്ക്കുന്നു. ഒരു സ്വതന്ത്ര പ്രവൎത്തനത്തിൻെറ

ഫലമായ കലാകൌതുകം നാം അനുഭവിക്കുമാറാകുന്നു. കലാകാരന്റെ ഭാവനയിൽ കൂടി പുറത്തു വന്നതിനാൽ അയാളിൽ നിന്നു ലഭിച്ച പുതിയ വർണ്ണമത്രെ നമ്മിൽ കൌതുകം ജനിപ്പിച്ചതു്. ഇങ്ങനെ പുതിയ സൃഷ്ടികർമ്മം നടത്തുന്ന കവിയാകട്ടെ സാദ്ധ്യങ്ങളായ അസംഭവങ്ങൾ ക്കുപകരം സംഭാവ്യങ്ങളായ അസാദ്ധ്യതകൾ സ്വീകരിക്കുന്നു. ഭാവനാസൃഷ്ടികൾ ബാഹ്യലോകത്തു് അസാദ്ധ്യങ്ങൾ ആയിരിക്കുകൊണ്ടു വിഷമമില്ല. സംഭാവ്യങ്ങൾ ആയിരിക്കണമെന്നേയുള്ളു. ബാഹ്യലോകത്തു സാദ്ധ്യമായ സംഗതി അസംഭാവ്യമായി വന്നേക്കാം. ഇത്തരം ആസ്പദം അല്ല ഒരു കവി സ്വീകരിക്കുന്നതു് എന്നു വിവക്ഷ.

ഇപ്രകാരം കലാനിർമ്മിതികളെല്ലാം അഭിനവമൂലവസ്തുക്കളുടെ (ഭാവനാജന്യവസ്തുക്കളുടെ) തദ്രൂപങ്ങളാകുന്നു. അവയുടെ ബന്ധം സ്വതന്ത്രമായി തീർത്ത ഒരു ലോകവുമായിട്ടേ ഉള്ളുതാനും. കലാലോകം ഇങ്ങനെ സ്വതന്ത്രമാകയാൽ അവിടെ നാനാമാർഗ്ഗങ്ങൾ ആശ്രയിച്ചു് എത്തുകയും ചെയ്യാം. ആകയാൽ പല മാർഗ്ഗങ്ങൾ ആശ്രയിച്ചു ബാഹ്യലോകസംഗതമായ ഒരുവസ്തുവിനെ സ്ഫുടമായും യഥാർത്ഥമായും പലതരത്തിൽ കല പ്രതിഫലനം ചെയ്യുന്നു.

ഇങ്ങനെ മാർഗ്ഗങ്ങളുടെ നാനാത്വം കൊണ്ടു കലയും പലതരത്തിൽ പ്രത്യക്ഷപ്പെട്ടു. ഓരോകലയ്ക്കും പ്രത്യേകം ചുമതലയുണ്ടു്; പ്രവൃത്തിരംഗവുമുണ്ടു്; ആകയാലത്രെ ഓരോന്നും പുലരുന്നതു്. ആത്മജന്യമായ ഭാവസാഗരം ആശയരൂപത്തിൽ മഥിതമാകുംമുമ്പു് അതു് അവ്യക്തസ്വരമാർഗ്ഗമായും നിഷ്ക്രമിക്കാവുന്നതാണു്. അതിനാൽ കലകളിൽ സംഗീതം പ്രഥമസ്ഥാനത്തുചെന്നുചേർന്നു. സാഹിത്യം, ചിത്രമെഴുത്തു്, പ്രതിമാ നിർമ്മിതി, നൃത്യം എന്നു പലതും ഉത്ഭവിക്കുയുമായി.

സംഗീതത്തിനു മററുകലകളെ അപേക്ഷിച്ചു് ഒരു സർവ്വവ്യാപകഭാവം ഉണ്ടെന്നും ആകയാൽ ഒരു സർവ്വപ്രതിനിധിസ്ഥാനം ഉണ്ടെന്നും ആണു ഗ്രീക്കുമതം. ആശയാവിഷ്കരണത്തിൽ പാടവം, സ്വതന്ത്രവസ്തുസ്ഥിതികൾ പുനഃസൃഷ്ടിചെയ്യാനുള്ള ശക്തി, എന്നിവയ്ക്കു കുറവുണ്ടെങ്കിലും സംഗീതം ജനിപ്പിക്കുന്ന അനുഭവം സ്പഷ്ടവും നിശ്ചിതവുമാണു്. വാക്കുകളുടെ അഭാവത്തിലും സംഗീതം സാന്മാർഗ്ഗിക സ്വഭാവത്തിന്റെ പ്രതിബിംബവും വിശദപ്രതിച്ഛന്ദവും ആണെന്നു് അരിസ്റ്റോട്ടൽ വിചാരിക്കുന്നു. ലയം, സ്വരസമന്വയം എന്നിവയിൽ കോപം, ശാന്തത, ധൈര്യം, ക്ഷമ മുതലായവയും മററും ഏദ് ഗോചരമാകത്തക്കവണ്ണം അതുവഴി പ്രകാശിക്കുന്നു. സംഗീതം സ്വഭാവഭാവങ്ങളേ പ്രകാശിപ്പിക്കുന്നതോടുകൂടി അതിനെ രൂപവൽക്കരിക്കയും പ്രേരിപ്പിക്കയും ചെയ്യുന്നു. യുദ്ധോദ്യുക്തരായ പടയാളികൾ ശ്രവണഗോചരമായ ഗാനത്തിന്റെ ലഹരിയാൽ ഉത്തേജിതരാകുന്ന കഥ നമുക്കു് അറിവുള്ളതാണു്. "കാദ്രവേയ കുലതിലകാ......" ഇത്യാദി നളചരിതപദം പ്രസിദ്ധനായ നെന്മാറെ മാധവമേനോൻ പാടുകയോ, മാത്തൂർ കുഞ്ഞുപിള്ള എന്ന പ്രസിദ്ധനടൻ നടിക്കയോ ചെയ്യുമാറുള്ളപ്പോൾ ദീനനായിത്തീർന്ന നളനുമായി താദാത്മ്യം

പൂണ്ട രംഗസ്ഥന്മാർ വിവശീകൃതരാവു ക പതിവായിരുന്നു.

പ്ലേറേറാവിൻെറ അഭിപ്രായം മേൽ കണ്ടതിൽനിന്നു ഭേദിച്ചാണ്. വാക്കു കളുടെ പ്രസംഗം ഇല്ലാത്തിടത്തു സ്വര സമന്വയത്തിൻെറയോ ലയത്തിൻെറ യോ പൊരുൾ ഗ്രഹിപ്പാനോ, യോഗ്യ മായ ഒരു വസ്തുവിനെ അനുകരിക്കു ന്നതായി കാണ്മാനോ വളരെ പ്രയാ സം എന്നാണ്. ഗ്രീക്കുപക്ഷത്തിൽ സംഗീതത്തിൻെറ മുഖ്യ മൂലതത്വം ലയം ആണ്. താളാനുബദ്ധമായ ശബ്ദ ത്തിൻെറ ബാഹ്യ ചലനത്തിനും ന മ്മുടെ അന്തരാത്മാവിൻെറ സ്പന്ദന ത്തിനും തമ്മിൽ അടുത്ത സാദൃശ്യമുണ്ടെ ന്ന് അരിസ്റ്റോട്ടൽ വിശ്വസിക്കുന്നു. സം ഗീതത്തിൻെറ ഓരോ തരംഗവിലാസവും ഒരാന്തരസംക്ഷോഭരൂപമായി തോന്നപ്പെ ടുന്നു. അതിനു ശ്രവണേന്ദ്രിയത്തിൻെറ മേൽ ബലീയസ്സും മററു് ഇന്ദ്രിയങ്ങളുടെ മേൽ ദുബ്ബലവുമായ പ്രേരണയാണുള്ളതു്.

പൌരസ്ത്യമതത്തിന്ന് ഇവിടെ യോ ജിപ്പു കൂടുതലുണ്ട്. സംഗീതത്തിൻെറ മൂലതത്വം പൌരസ്ത്യക്ക് ചില പ്ര ത്യേകസ്വരങ്ങളാണ്. അവയ്ക്കു ദിവ്യ മായ ഒരു് ഉത്ഭവം കല്പിച്ചിരിക്കുന്നു. 'സ്വരാഃ സപ്ത വിഹാരേണ ഭവന്തിസ്മ പ്രജാപതേഃ'—എന്നു ഭാഗവതത്തിൽ പ റഞ്ഞിരിക്കുന്നു. ബ്രഹ്മാവു കളിച്ചുകൊണ്ടി രുന്നപ്പോൾ അദ്ദേഹത്തിങ്കൽനിന്നു ഷഡ്ജാദികളായ ഏഴുസ്വരങ്ങൾ ഉണ്ടാ യി എന്നത്ഥം. സംഗീതകല ഈ സ്വര ങ്ങളെ ആസ്പദമാക്കി ആരംഭിക്കപ്പെട്ടിരി ക്കുന്നു. പ്രപഞ്ചൈകകാരിണിയായ ജഗ ന്മാതാവു്, നാദാത്മികയും വണ്ണാത്മിക യും വിശിഷ്യ സംഗീതകലയിൽ രതയു മാണ്. ആകയാൽ ഗാനവിദ്യയ്ക്കു ഭഗ വൽപ്രീതികരത്വമുണ്ടെന്നു സിദ്ധമായി. സംഗീതശാസ്ത്രത്തിൽ സ്വരത്തിൻെറ സാമാന്യലക്ഷണം വിവരിക്കപ്പെട്ടിരി ക്കുന്നു:—'ശ്രുത്യനന്തരഭാവീ യഃ സ്നിഗ്ദ്ധോ നുരണനാത്മകഃ സ്വതോ രഞ്ജയതി ശ്രോ തൃചിത്തം സ സ്വര ഉച്യതേ'— ശ്രുതി യുടെ അനന്തരകാലത്തിലുണ്ടാകുന്നതും സ്നിഗ്ദ്ധവും അനുരണനസ്വരൂപവുമാ കുന്ന സ്വരം. കേൾക്കുന്നവരുടെ ചിത്ത ത്തെ സ്വതേ രഞ്ജിപ്പിക്കുന്നതിനാലാ കുന്നു അതിന്നു സ്വരം എന്ന പേർ സി ദ്ധിച്ചതു്. സ്വതഃ എന്നതിലെ 'സ്വ' എന്നതും രഞ്ജയതി എന്നതിലെ 'ര' എന്നതും കൂട്ടിച്ചേത്തപ്പോൾ 'സ്വരം' എന്ന ശബ്ദമുണ്ടായി. ശ്രോതൃചിത്തരഞ്ജ കത്വമില്ലെങ്കിൽ അതിന്നു സ്വരം എന്ന പേർ ഘടിക്കുന്നില്ല.

സംഗീതകലയുടെ സവ്വാതിശായന ത്തിന്ന് വാല്മീകിയും മററും സാക്ഷികളാ കുന്നു. കുശീലവന്മാരുടെ സംഗീതത്തെ പുണ്യം ഇങ്ങനെ വണ്ണിതമാകുന്നു. 'തന്ത്രീ ലയവദത്യത്ഥം വിശ്രുതാത്ഥമഗായതാം ഹ്ലാദയൻ സവ്വഗാത്രാണി മനാംസി ഹൃദ യാനി ച ശ്രോത്രാശ്രയസുഖം ഗേയം തദ് ബഭൌ ജനസംസദി'. കുശീലവന്മാരു ടെ സംഗീതം സവ്വശരീരങ്ങൾക്കും മനസ്സു കൾക്കും ഹൃദയങ്ങൾക്കും ആഹ്ലാദം ജനി പ്പിക്കുന്നതായിരുന്നു. കവിത്വത്തിൻെറ പരകോടിയിൽ സ്ഥിതിചെയ്യുന്ന നാട കങ്ങൾതന്നെ രംഗസ്ഥചിത്തവൃത്തിയെ നാടകീയ വസ്തുവിലേക്ക് ആകഷിക്കുവാ നും പൊതുവിൽ ഒരു പരമാനന്ദരസാ സ്വാദനം നൽകുവാനുംമററും നടിയുടെ

ഗാനാമൃതസേചനത്താലാണല്ലോ പ്രാരംഭിക്കുന്നതു്. ഈ ഗാനമാധുരിയുടെ ഫലമായി രംഗം 'രാഗബദ്ധചിത്തവൃത്തി'യായിത്തീരുന്നു. ഈ ഒരവസ്ഥ നേടുന്നതിനു സംഗീതത്തെ ആശ്രയിക്കയേ നിവ്വാഹമുള്ളു. ഇങ്ങനെ സംഗീതസാഹിത്യങ്ങൾക്കു വിദഗ്ദ്ധന്മണികൾ തുല്യസ്ഥാനം നൽകി സമാരാധനം ചെയ്യുന്നു.

ചിത്രമെഴുത്തും പ്രതിമാനിമ്മിതിയും ഒട്ടും അപ്രധാനമല്ലാത്ത സുകുമാരകലാവിദ്യകളാകുന്നു. ഇവ രണ്ടും ചിത്രനിമ്മിതിയിൽ ഉത്സുകങ്ങളാകയാൽ ഒരുമിച്ചു ചേത്തു ചിന്തിക്കാവുന്നതാണു്; പക്ഷേ ഇവ തമ്മിൽ സമവായികാരണങ്ങളിൽ ഭേദം ഉണ്ടെന്നുള്ളതു നാം വിസ്മരിക്കുന്നില്ല. ഇവ ഒരു വസ്തുവിന്റെ ബാഹ്യപ്രകൃതിയെ ചിത്രണം ചെയ്യുന്നു എന്നു സാമാന്യമായിപ്പറയാം. എന്നാൽ സൂക്ഷ്മം നോക്കിയാൽ ഇവ ചില അങ്കനങ്ങളും വണ്ണങ്ങളും പ്രയോഗിച്ചു സാത്വികവും, ആദ്ധ്യാത്മികവുമായ ഭാവങ്ങൾ പ്രതിബിംബിപ്പിക്കുന്നു എന്നതാണു സത്യം. പക്ഷേ, ഭാവപ്രതിബിംബനവിഷയത്തിൽ സംഗീതത്തിനുള്ള കഴിവിനോളം ഇവയ്ക്കു കഴിവില്ല. ആകൃതി, രേഖ, വണ്ണം മുതലായവ മനസ്സിന്റെ സ്വാഭാവിക പ്രതിച്ഛായയാണു്. ചലനാത്മകങ്ങളായ സംഗീത സാഹിത്യാദികലകളിലെ ലയത്തിനു പകരം ഇവയിൽ സമാവയവത, അല്ലെങ്കിൽ അവയവസമന്വയം ആണു നാം കാണുന്നതു്.

അവയവങ്ങൾ തമ്മിലുള്ള പൊരുത്തമാണു് അവയവസമന്വയം, അല്ലെങ്കിൽ അവയവസംഗതി. രേഖകളും വണ്ണങ്ങളും എത്രയും ആകർഷകങ്ങളായിരുന്നാലും അവയവപ്പൊരുത്തക്കുറവു് ചിത്രത്തിനുള്ള മേന്മയ്ക്കു കുറവു വരുത്തുന്നു. പൊരുത്തം മററു കലാകമ്മങ്ങൾക്കെന്നല്ല നമ്മുടെ ഏതു കമ്മപദ്ധതിയ്ക്കും വേണ്ടതാണല്ലോ. പൊരുത്തമില്ലായ്മ ചില പ്രസിദ്ധചിത്രങ്ങളിലും കാണുന്നുണ്ടു്. 'രവിവമ്മ' മുദ്രവഹിച്ചിട്ടുള്ള പാവ്വതീപരമേശ്വര ദിവ്യകുടുംബത്തിന്റെ ഒരു പ്രസിദ്ധചിത്രത്തിൽ ചിത്രിതമായ നന്ദിയുടെ കാലുകൾക്കു ഉടലിനോടു പൊരുത്തം കുറവായിരിക്കുന്നു. തിരുവനന്തപുരം കരകൌശലസ്കൂളിൽ കണ്ട ഒരു ദമയന്തീഹംസചിത്രത്തിലെ ദമയന്തിയ്ക്കുള്ള നിതംബത്തിനു ക്രമത്തിലധികം ഗുരുതകൊടുത്തതു നന്നായില്ല. ചിത്രവിദ്യാകുശലന്മാർ ഇതു സമ്മതിച്ചാലുമില്ലെങ്കിലും അവയവസമന്വയഹാനി ഒരു വലിയ ദോഷമാണു്. ഇനിയും ചില ചിത്രങ്ങൾ മുഖത്തു് ഒരു പ്രത്യേകസ്തോഭവും വ്യഞ്ജിക്കായ്കയാൽ ആരുടെ ചിത്രമെന്നു തിരിച്ചറിവാൻ പ്രയാസമാകുന്നു. അവയവപ്പൊരുത്തം ദീക്ഷിച്ചും ചിത്രിതവസ്തുവിന്റെ സൂക്ഷ്മഭാവം പ്രകടിപ്പിച്ചും ചിത്രങ്ങളും പ്രതിമകളും നിമ്മിക്കേണ്ടതാണു്. മാവേലിക്കര ക്ഷേത്രത്തിനു മുമ്പിലിരിക്കുന്ന ബുദ്ധവിഗ്രഹം ഒരു ഗഹനമായ ആദ്ധ്യാത്മികവിചാരപരമ്പര എന്നിൽ ഉളവാക്കി എത്രനേരം അതിന്റെ മുമ്പിൽനിത്തി എന്നു പറവാൻ പ്രയാസം. ധമ്മാംഗദഹിംസയ്ക്കായി മോഹിനിയാൽ പ്രേരിതനായ രുഗ്മാംഗദന്റെ ഒരു ചിത്രത്തിനും ധാമ്മികവികാരങ്ങൾ ഉദ്ദീപിപ്പിക്കുവാൻ കഴിയുന്നു. ഇങ്ങനെ സൌഷ്ഠവഗുണംപൂണ്ട ചിത്രങ്ങൾക്കും പ്രതിമകൾക്കും ഉൽകൃഷ്ടാശയ

# രാമായണം എഴുത്തു്

കിളിമാന്തൂർ എൻ. കേശവൻ.

ഉന്നതാദശ്ത്തിൻെറ വൈജയന്തികപോലെ
മുന്നിലായ്കാണ്മൂ കൊച്ചു മന്ദിരം മനോരമം
കീത്തിയാമന്നത്തിന്നു നീരാടി നീന്താനുള്ള
കാസാരമല്ലീ തുഞ്ചൻ തോപ്പിലെച്ചെറുമാടം
ധ്യാനശീലനാമൊരു യോഗിപോൽ ഭസ്മം ചാത്തി
മൗനമായിരിക്കുന്നു വാഗധീശിത്രീഭക്തൻ
പാതിയും നിമീലിതമാകിയോരക്ഷിദ്വന്ദ്വം
ഭാവനാസാമ്രാജ്യത്തിൻ ഭാവുകം ദശിക്കുന്നു.

വാമമാം കരാബ്ജത്തിലുണ്ടൊരു പനയോല -
ഗ്രന്ഥവും വലംകയ്യിൽ തൂവെള്ളി നാരാചവും.
ചുണ്ടുകളിളകുന്നു, നേരിയനാദം ചുററും
ചാലവേ ചരിക്കുന്നു, കാന്തി തേടുന്നു തുഞ്ചൻ.

---

ങ്ങൾകൂടി ഹൃദയാഹ്ലാദനസമം ജനിപ്പിക്കാവുന്നതാണു്.

സ്വഭാവത്തെ പ്രകാശിപ്പിക്കാനുള്ള ശക്തി നൃത്യ (നാട്യ) ത്തിനുണ്ടെന്നു് അരിസ്റ്റോട്ടലും സമ്മതിക്കുന്നു. അതു മനോവികാരത്തെ നല്ലപോലെ പ്രകടിപ്പിക്കുന്നു. ഒരു ബാലൻ പാടുന്നതു കൊണ്ടു മതിവരാഞ്ഞു പാടിക്കൊണ്ടു തുള്ളിച്ചാടുന്നതും മററും നാം കണ്ടിട്ടുണ്ടല്ലോ. മനോവികാരങ്ങളെ പ്രതിബിംബനം ചെയ്‌വാൻ നാട്യത്തിനോളം സാമത്ഥ്യം പാട്ടിനുമില്ലെന്നു തെളിയുന്നു.

നാട്യത്തിൽ പ്രയോഗം പ്രാധാന്യം വഹിക്കുന്നു. തങ്ങളുടെ ഗംഭീരങ്ങളായ ശോകപര്യവസിതനാടകങ്ങൾ, നൃത്യകലയ്ക്കു മീതേയാണെന്നപക്ഷം ഗ്രീക്കുകാക്കില്ല. അതു പ്രേക്ഷകരുടെ ഹൃദയത്തിനു് ഒരു് ഐക്യം നൽകയും സാന്മാഗ്ഗികസഹാനുഭവങ്ങൾ സുപരിചിതങ്ങളാക്കയും, വികാരസംക്ഷോഭത്തിനു് ഒരു ദമനം അരുളുകയും ചെയ്യുന്നു. ലളിതകലകളിൽ നൃത്യത്തിനു ഗ്രീക്കുകാർ മുൻഗണന നൽകുന്നു. ഗ്രീക്കുനാടകങ്ങളിൽ കാണുന്ന 'കോറസ്സ്' എന്ന ഗായകഗണം സംഗീതസാഹിത്യ നൃത്യങ്ങൾ സമകാലാസമാശ്രയിക്കുന്നതായി കാണുന്നുണ്ടല്ലോ.

(തുടരും)

മുഗ്ദ്ധമാം 'മനയോല'യാകവേ, യനർഘമാം
സങ്കല്പ തങ്കലിപി സഞ്ചയ പരിപൂർണ്ണം.
വാല്മീകി മഹാമുനി നട്ടൊരാ വരിനെല്ല
തൂമയിൽ ഞാറായ്മാററി നട്ടകയത്രേ ചെയ്വൂ !
ആശ്രമാങ്കണത്തിലാ നെന്മണി വിതച്ചപ്പോ-
ളാശ്രയമതിന്നിത്ര തുഞ്ചനെന്നങ്ങുന്നന്നി.
മാമുനേ, വിദ്വദ്വൃന്ദ വന്ദിത ശിഖാമണേ,
സൗമ്യനാമൊരു ദിവ്യ ദീർഘദർശി താൻ ഭവാൻ.
മഹർഷേ, ഭവാനേററ തപസ്സാം പ്രസാദമീ-
മനുഷ്യർക്കേകാനല്ലീയിമ്മഹാൻ പകരുന്നു ?
കൈരളീക്ഷേത്രത്തിൻെറ പൊന്നറ വാതിൽ തോറും
കൈകളിൽ, കൊളുത്തിയ ദീപവുമേന്തിച്ചെല്ലും
ത്യാഗിയായിട്ടും മഹായോഗിയാമെഴുത്തച്ഛൻ
ലേഖനം ചെയ്തീടുന്നു വാസനാലോലൻ വിദ്വാൻ.
അല്പമാം വെളിച്ചത്തിൽ ജീവിച്ച ഹിന്ദുമത-
പുഷ്പവാടിയിൽ കല്പ വൃക്ഷത്തെ നട്ടുന്നല്ലോ
മങ്ങിയ പ്രകാശത്തിൽ പോയിട്ടും ജനങ്ങൾക്കു
മാർഗ്ഗദർശകമണിദീപിക രാമായണം.
കൈരളീമഹിളയ്ക്കു കല്പാന്തകാലത്തോളം
കൈവശമായിട്ടുള്ളോരുത്തമ നിധിയല്ലീ ?
ആമന്ദമെഴുതേണമിന്നിയും മഹാഭാഗൻ;
ആചാര്യ്യ പാദങ്ങൾക്കു ക്രപ്പുകൈയ് —നമസ്കാരം !

---

## യുദ്ധത്തിനിടയ്ക്കു്.

കടലാസിനു് അസാധാരണമായി വില വർദ്ധിച്ചിരിക്കുന്ന വിവരം സകലക്കും അറിയാവുന്നതാണല്ലൊ. വരിസംഖ്യ അടയ്ക്കാനുള്ള മാന്യർ ഉടൻ തന്നെ മുഴുവൻ തുകയും അടച്ചു തീർക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

കാര്യ്യദർശി
സഹൃദയസമാജം.

# ആശയവും പ്രതിപാദനരീതിയും.

വക്കം എം. അബ്ദുൽഖാദർ.

എഴുത്തുകാരെ നാം സ്നേഹിക്കയും ആദരിക്കയും ചെയ്യുന്നതെങ്ങനെയെന്ന് ചിന്തിക്കുന്നവർ കുറവായിരിക്കും. ആശയവും ആശയാവിഷ്കരണരീതിയും കൊണ്ടാണ് അവർ നമ്മെ ആനന്ദിപ്പിക്കയും അഭിവൃദ്ധരാക്കുകയും ചെയ്യുന്നതെന്നു നമുക്കറിയാം. ഒരു കൃതി (ഗ്രന്ഥം)യെ ഒരേ കാലത്തുതന്നെ നാം വെറുക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതു അസാധാരണമല്ല.

“ലോകത്തിലെ ഏററവും മഹത്തായ ഏക ഗ്രന്ഥം” (The Greatest single book in the World) എന്ന് പ്ലേറേറായുടെ “റിപ്പബ്ളിക്കി”നെക്കുറിച്ച് അഭിപ്രായം പറഞ്ഞ മി. സി. ഇ. എം. ജോഡ് അതിലെ പല പ്രസ്താവങ്ങളെയും വെറുക്കുകയാണ് ചെയ്യുന്നതു്. “Plato to-day” എന്ന തൻെറ കൃതിയിൽ മി. ആർ. എച്ച്. എസ്. ക്രാസ്മാൻ ഇങ്ങനെ പറയുന്നു:— രാഷ്ട്രീയതത്വശാസ്ത്രപരമായി ഞാൻ വായിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ഏററവും ശ്രേഷ്ഠമായിട്ടുള്ളതു് ‘റിപ്പബ്ളിക്കാ’കുന്നു. എന്നാൽ കൂടുതൽ കൂടുതൽ വായിക്കുന്തോറും ഞാൻ അതിനെ കൂടുതൽ കൂടുതൽ വെറുക്കുന്നു.

ഒരു സ്ത്രീയെ ഒരേ സമയത്തു വെറുക്കുവാനും സ്നേഹിക്കുവാനും സാധിക്കുമെന്നു റോമൻ കവിയായ Catullusൻെറ കാലംമുതൽക്കുള്ള ഭാവനോപജീവികളായ എഴുത്തുകാർ വാദിച്ചിരുന്നു. അതിൽ എത്രമാത്രം വാസ്തവം അടങ്ങിയിരിക്കുന്നുവെന്നു നാം ചിന്തിച്ചു തീരുമാനിച്ചാൽ മതി.

ഒരു കാര്യം തീർച്ചയാണു; നമുക്കു അനുരൂപമായ അഭിപ്രായങ്ങളും രുചിപ്രദമായ ആശയങ്ങളും പ്രകടിപ്പിക്കുന്നതു കൊണ്ടു് മാത്രമായിരിക്കയില്ല നാം ഒരു എഴുത്തുകാരനെ സ്നേഹിക്കുന്നതും അഭിനന്ദിക്കുന്നതും. ഉദാഹരണത്തിന് നമ്മുടെ പ്രത്യേക പ്രീതിയേയും പ്രശംസയേയും ആർജ്ജിച്ചിട്ടുള്ള കുറെ എഴുത്തുകാരെ നാം അനുസ്മരിക്കുക. അവരിൽ പലരുടെയും അഭിപ്രായങ്ങളോടും ആശയങ്ങളോടും വീക്ഷണങ്ങളോടും നാം വിയോജിക്കുന്നതു കാണാം. വെറും ആശയംകൊണ്ടു നമ്മെ ആകർഷിക്കയും സ്വാധീനപ്പെടുത്തുകയും ചെയ്തിട്ടുള്ള എഴുത്തുകാർ എത്രയുണ്ടെന്നു എണ്ണിനോക്കുക. വളരെ വളരെ കുറവായിരിക്കും.

നാം അറിയാതെ തന്നെ സ്നേഹിക്കയും വണങ്ങുകയും ചെയ്തുപോകുന്ന കഠിനശത്രുക്കൾ നമുക്കു സാഹിത്യരംഗത്തിലുണ്ടു്. അവരുടെ വാക്കുകൾ—മധുരഭാഷണങ്ങൾ ഇന്ദ്രജാലം പോലെ നമ്മെ വശപ്പെടുത്തിക്കളയുന്നു. ശക്തമായ മനോഹരമായ വാക്കുകളുടെ സൗന്ദര്യപ്രവാഹത്തെ ചെറുത്തു നിൽക്കുവാൻ കഴിയാതെ നാം മറിഞ്ഞു പോവുന്നു. സാഹി

ത്യകലയുടെ കഴിവും സൗന്ദര്യവും നാം വേണ്ടുവോളം അനുഭവിക്കുന്നതു് ഈ മാതിരി വേളകളിലാണ്. "ആന വലിച്ചാൽ ഇളകാത്ത ഭാരത്തെ ഒരു മുടിയിഴ കൊണ്ടു സുന്ദരിയായ ഒരു സ്ത്രീ വലിച്ചിഴയ്ക്കുന്നു" എന്ന ഫ്രഞ്ചുകാരുടെ ഇടയിൽ ഒരു ചൊല്ലുണ്ടു്. സാഹിത്യത്തിന്റെ ശക്തി അതിലെ സൗന്ദര്യമാകുന്നു; സംഗീതമാകുന്നു. ഒരു തൂലികത്തുമ്പുകൊണ്ടു ഒരു പർവ്വതത്തെപ്പോലും കുത്തിപ്പൊക്കുവാൻ കഴിവുള്ള കവിയുടെ കെല്പിന്റെ രഹസ്യം അവന്റെ വാക്കാകുന്നു.

മൂന്നു നാലുകൊല്ലങ്ങൾക്കു മുൻപ് ചരമം പ്രാപിച്ച മി. എ. ഇ. ഹൗസ്മാൻ അഭിനവ ആംഗ്ലേയ കവികളിൽ അദ്വിതീയനാണെന്നു് സമ്മതിക്കപ്പെടുന്നു. അദ്ദേഹം വളരെ മുതിർന്ന ഒരു പെസിമിസ്റ്റാ (പുരോഭാഗി) യിരുന്നുവെന്ന വസ്തുത ഇവിടെ നാം ഓർമ്മിക്കണം. "ഏതു മൃഗമാണു്, പിശാചാണു് ലോകത്തെ സൃഷ്ടിച്ചതു്" എന്നു ചോദിച്ചയാളിന്റെ വിഷാദാത്മകത്വത്തെയാണു് മി. ഹൗസ്മാൻ അംഗീകരിച്ചതെന്നു് ഇംഗ്ലണ്ടിലെ ഒരു മതപുരോഹിതൻ പ്രഖ്യാപിച്ചിരുന്നു. മി. ഹൗസ്മാൻ ദിവംഗതനായപ്പോൾ അദ്ദേഹത്തിന്റെ കൃതികളെ സംബന്ധിച്ച് 'ആപ്റ്റിമിസ്റ്റു'കളായ പല സാഹിത്യപ്രമുഖന്മാരും ഉന്നതമായ സ്തുതിഗീതങ്ങൾ മുഴക്കിയിരുന്നു. മതപുരോഹിതന്മാർപോലും അക്കൂട്ടത്തിൽ ചേർന്നു അദ്ദേഹത്തെ വാനോളം വാഴ്ത്തി. വാസ്തവത്തിൽ മി. ഹൗസ്മാന്റെ ഭാഷാരീതിയും ആശയാവിഷ്കരണ സമ്പ്രദായവും മോശമായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ വിരുദ്ധാഭിപ്രായക്കാരും വിരോധികളും അദ്ദേഹത്തിന്റെ കൃതികളെ ചവിട്ടിത്തേയ്ക്കുവാൻ കൂടി മടിയ്ക്കുമായിരുന്നില്ല. തോമസ് ഹാർഡിയുടെ തത്ത്വചിന്തപോലെ വിഷാദാത്മകമായിരുന്ന മി. ഹൗസ്മാന്റെ തത്ത്വചിന്തയെ വിഷാദാത്മകത്വത്തെ വെറുക്കുന്ന അനേകായിരം വായനക്കാർ ആസ്വദിക്കുന്നു! എന്തുകൊണ്ടു്? അദ്ദേഹത്തിന്റെ അതീവമനോഹരമായ കലാപരമായ പ്രതിപാദനരീതിയാൽ.

ആത്മീയതയുടെ നേർക്കു അവജ്ഞകാണിക്കുന്ന വസ്തുവാദികളായ സഹൃദയന്മാർക്കു് മേരീ കാർലിയുടെ നോവലുകളെ വെറുക്കുവാൻ കഴിയുമോ? അവയിൽ സമൃദ്ധമായി വിളഞ്ഞുകിടക്കുന്ന വിശുദ്ധമായ സമുന്നതമായ വികാരവും വിഭാവനയും ഏതു മാതിരി അഭിപ്രായക്കാരനെയാണു് ആനന്ദാനുഭൂതികൊണ്ടു വികസ്വരനാക്കാത്തതു്? ഭാവനാപരമായ ആനന്ദത്തിനുവേണ്ടി എത്ര മതഭക്തന്മാർ ഉമർഖയ്യാമിന്റെ 'റുബായിയത്തി'നെ ആശ്രയിക്കുന്നു! ദേവാലയങ്ങളിലും മററും ആലപിക്കപ്പെടുന്ന എത്രയെത്ര സ്തോത്രങ്ങളെക്കാൾ, ഭാവനാപരമായ ആനന്ദത്തെ സംബന്ധിച്ചിടത്തോളം 'റുബായിയത്തു്' ശ്രേഷ്ഠതരമായിരിക്കുന്നു. ഗൂഢാർത്ഥപ്രധാനമെന്നു് പ്രകീർത്തിക്കപ്പെടുന്ന റുബായിയത്തിന്റെ പശ്ചാത്തലം ആത്മീയമെന്നും ഭൗതികമെന്നുമുള്ള വിഭിന്നവിവാദത്തെ ഇവിടെ സ്പർശിക്കുന്നില്ല. പെർസ്യൻ മിസ്റ്റിക് കവികളിൽ അഗ്രേസരനായ ജലാലുദ്ദീൻറൂമി നാസ്തികന്മാരായ വായനക്കാരേപോലും ആകർഷിച്ചതു് അദ്ദേഹത്തിന്റെ വിചിത്രമായ ആശയാവിഷ്കരണരീതികൊ

ണ്ടാണ്. അദ്ദേഹത്തിൻെറ അത്യുന്നതമായ ആദ്ധ്യാത്മികതത്വചിന്തകളുമായിട്ടല്ല അദ്ദേഹത്തിൻെറ രസികതയൊഴുകുന്ന രചനാസമ്പ്രദായവുമായിട്ടാണ് അധികമാളുകളും കൂടുതൽ രമിക്കുന്നത്. ഡാക്ടർ ഇഖ്ബാലിൻെറയും ഡാക്ടർ ടാഗ്ഗറിൻെറയും കവിതകൾ, അവരുടെ അഭിപ്രായങ്ങളെ അനുകൂലിക്കാത്തവരെപ്പോലും ആകർഷിക്കയും ആനന്ദിപ്പിക്കയും ചെയ്യുന്നതെന്തുകൊണ്ട്? ആത്മീയബോധത്തിൻെറ അഗാധതയിൽനിന്ന് പ്രസ്രവിച്ചിട്ടുള്ള അവരുടെ കവിതകൾ അനാത്മവാദികളായ 'അവിശ്വാസി'കളെപ്പോലും രസിപ്പിക്കുന്നു.

ഡാൻറിയുടെ Divine Comedy, മിൽട്ടൻെറ Paradise Lost ഹാൻഡലിൻെറ Messiah എന്നീ കൃതികൾ വിശ്വാസികൾക്കെന്നപോലെ അവിശ്വാസികൾക്കും ആനന്ദപ്രദമായിരിക്കുന്നു.

ഡാക്ടർ ജാൺസനെ അഭിനന്ദിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരെല്ലാം അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ അനുകൂലിക്കുന്നവരാണോ? സാഹിത്യം, രാജ്യതന്ത്രം മുതലായവയെ അധികരിച്ചു അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള പല അഭിപ്രായങ്ങളും നിർമ്മത്സരബുദ്ധികളുടെ അവജ്ഞയ്ക്കും അധിക്ഷേപത്തിനും കാരണമായിട്ടുണ്ട്. സ്വിഫ്ററ്, സ്റ്റേൺ, ഗ്രേ തുടങ്ങിയവരെപ്പററി ജാൺസൺ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ പുരുഷവിദ്വേഷത്തിൻെറ സന്താനങ്ങളാണ്. ഇങ്ങനെയായിട്ടും അദ്ദേഹം സാഹിത്യപ്രണയികളുടെ വാത്സല്യഭാജനമത്രേ. സ്കാട്ട്ലണ്ട്കാരെ അദ്ദേഹം അകാരണമായി വെറുത്തിട്ടും അവർ അദ്ദേഹത്തെ ആരാധിച്ചു. അവിശ്വാസികളെ ജാൺസൺ തീക്ഷ്ണതയോടെ വെറുത്തു. എന്നാൽ അവർ സോത്സാഹം അദ്ദേഹത്തിൻെറ എഴുത്തുകൾ വായിച്ചുപോന്നു.

പ്ലേറേറായെപ്പോലെ പ്രതിപാദനരീതി (Style of writing) കൊണ്ടുതന്നെയാണ് ജാൺസൺ ലബ്ധവിജയനായതു്. പ്രതിപാദനരീതിക്കു മഹത്തായ ഒരു പ്രാധാന്യമുണ്ട്. അതു് എഴുത്തുകാരൻെറ വ്യക്തിഭാവത്തെ (Personality) പ്രതിഫലിപ്പിക്കുന്ന ദർപ്പണമാണ്. അവൻെറ ശ്രേഷ്ഠതയുടെ ഒരു മാനദണ്ഡമായി അതിനെ പരിഗണിക്കാം.

ചാറത്സ് ലാംബ് നേടിയ ജയം അദ്ദേഹത്തിൻെറ പ്രതിപാദനരീതിയെ ആശ്രയിച്ചാണിരിക്കുന്നതു്. അദ്ദേഹത്തിൻെറ ആശയങ്ങളോടും അഭിപ്രായങ്ങളോടും നമുക്കു പലപ്പോഴും കലഹിക്കേണ്ടിവരുന്നു. ലാംബ് ഷെല്ലിയെ അഭിനന്ദിച്ചു; ഗിബ്ബനെ നിന്ദിച്ചു. എന്നാൽ ലാംബിനെ ശ്രദ്ധിക്കാതെ, നമുക്കു ഷെല്ലിയേയും ഗിബ്ബനേയും സ്നേഹിക്കാൻ സാധിക്കും. വ്യക്തിപരമായ പക അദ്ദേഹത്തെയും ബാധിച്ചിരുന്നു!

ഷോപൻ ഹവ (Schopen hauer)റിൻെറ വിഷാദാത്മകമായ തത്വചിന്ത അദ്ദേഹത്തിൻെറ വിരോധികളെപ്പോലും ഉദ്ദീപിപ്പിക്കുവാൻ പോരുന്നതാണ്. തൻെറ അഭിപ്രായങ്ങളെ എതിർക്കുന്നവരെപ്പോലും പ്രതിപാദനരീതികൊണ്ടു നിഷ്പ്രയാസം വശീകരിച്ചിരുന്നയാളാണ് കാർലൈൽ.

ഇങ്ങനെ നോക്കിയാൽ പ്രതിപാദനരീതിക്കു വിസ്മയാവഹമായ പ്രധാനത ഉണ്ടെന്നു മനസ്സിലാക്കാം.

# ദൗത്യകാവ്യശാഖ.

ഇടയാറന്മുള കെ. എം. ഡാനിയൽ (Arts College).

സംസ്കൃതസാഹിത്യം ആകമാനം വിൺഗംഗപോലെ വിശുദ്ധവും ആകാശംപോലെ അനന്തവും അംബുധിപോലെ അത്യഗാധവുമാണെങ്കിലും പാശ്ചാത്യസാഹിത്യങ്ങളിൽ സർവ്വസാധാരണമായി സംദൃഷ്ടമാകുന്ന സ്വച്ഛന്ദഗീതങ്ങൾ (Lyrics) അതിൽ വളരെ ദുർല്ലഭമാണ്. ഈ ദൗർല്ലഭ്യത്തിന് ഒരു തരത്തിൽ പരിഹാരം വരുത്തുന്നതും ഭാരതേതരകാവ്യലോകങ്ങളിലെങ്ങും ഉദയം ചെയ്തിട്ടില്ലാത്തതുമായ ഒരു സാഹിത്യരൂപമാണ് സന്ദേശകാവ്യം.

സന്ദേശകൃതികളിൽ കൂടസ്ഥവും സർവ്വഥാ സമുത്കൃഷ്ടവുമായിട്ടുള്ളതു കവികുലചൂഡാമണിയായ ശ്രീ കാളിദാസന്റെ മേഘദൂതമാകുന്നു. ഈ കവിരാജനു മുൻപ് ഒരു സന്ദേശകാവ്യം ആരെങ്കിലും വിരചിച്ചതായോ അതിനു സമുദ്യമിച്ചതായോ അറിയുന്നില്ല. എന്നാൽ ഈ കാവ്യമാർഗ്ഗം കാളിദാസനു ചൂണ്ടിക്കാണിച്ചു കൊടുത്തതു രാമായണ രചയിതാവായ വാല്മീകിമാമുനിയാണെന്നത്രേ മിക്കപണ്ഡിതന്മാരുടെയും അഭിപ്രായം "വിശപഭാജാം ഹൃദയതിമിരമാലാസൂര്യനായ്"

---

മി. ഷാ. മി. വെൽസ്, മി. റസ്സൽ മുതലായവരുടെ കൃതികൾ നാം വായിക്കുന്നതു, പ്രധാനമായി അവരുടെ ആശയങ്ങളും അഭിപ്രായങ്ങളും അറിയുവാനാണ്. സാഹിത്യകലാപരമായ രീതി (Style) കൊണ്ടു അവർ നമ്മെ ആത്മവിസ്മൃതിയിലേക്കു തള്ളുന്നില്ല.* കലാപരമായ ആനന്ദം കൊണ്ട് ആത്മാവിനെ തകിടം മറിക്കുന്ന അഭ്യാസികളല്ല അവർ. വിശ്വാസങ്ങളേയും ആചാരങ്ങളേയും അടിച്ചുടയ്ക്കുകയും പുതുതായി വാർത്തിറക്കുകയും ചെയ്യുന്നതിൽ വ്യാപൃതരായിരിക്കുന്ന ക്രൂരരാണവർ. ആശയപരമ്പരയിൽ വർത്തിക്കുന്ന അവർ ആശയപ്രചാരകന്മാരാകുന്നു. നാഗരികതയേയും സംസ്കാരത്തെയും അവർ നശിപ്പിക്കുകയോ വളർത്തുകയോ ഏതാണ് ചെയ്യുന്നതെന്നുള്ളതു വലിയൊരു വാദവിഷയമാണ്. ആശയങ്ങൾ, പുരോഗമിക്കാതെ, തടഞ്ഞുകിടക്കുന്ന അവസ്ഥയെ കണ്ടുകൊണ്ടിരിക്കുന്നതു സഹിക്കാൻ കഴിയാത്തയാളാണ് മി. ഷാ. ഇവരുടെയൊക്കെ ആശയാനുസൃതം സൃഷ്ടമാവുന്ന ഒരു ലോകത്തെ നാം ഭയപ്പെടുകതന്നെ ചെയ്യുന്നു. ‡ എന്നാൽ മി. ഷായെപ്പോലുള്ളവരോട് പൊരുതിക്കൊണ്ടിരിക്കുന്ന മററ് എഴുത്തുകാരുടെ എഴുത്തുകളെക്കാൾ, മേൽപറഞ്ഞവരുടെ എഴുത്തുകളാണ് നമ്മെ രസിപ്പിക്കുന്നതു്.

അടുത്ത ലേഖനത്തിൽ നമുക്കു മലയാളത്തിലെ എഴുത്തുകാരെപ്പററി ചിന്തിക്കാം.

* ഇവരുടെ ഗ്രന്ഥങ്ങൾ ലേഖകൻ ഒന്നുകൂടി വായിച്ചിട്ട് അഭിപ്രായം പറഞ്ഞാൽ കൊള്ളാം. Ed.

‡ ഇപ്പോഴേ ഇത്ര അധൈര്യം ആയാലോ? Ed.

പരിലസിക്കുന്ന വാല്മീകിമുനി, കാളിദാസ മഹാകവിക്കു പലതരത്തിലും ഉപജീവ്യനായിരുന്നു എന്നുള്ളതു് സംശയാതീതമായ ഒരു സംഗതിയാണ്. വാല്മീകിരാമായണത്തിലെ ഹനുമദ്ദൂതിനെ അടിസ്ഥാനമാക്കിയാണു കാളിദാസൻ മേഘസന്ദേശരചന സാധിച്ചതെന്നു തത്സന്ദേശകാവ്യ വ്യാഖ്യാതാവായ ദക്ഷിണാവത്തനാഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. സുപ്രസിദ്ധ കാളിദാസവ്യാഖ്യാതാവായ മല്ലീനാഥൻ ഈ വിഷയത്തിൽ ഖണ്ഡിതമായ ഒരഭിപ്രായം പുറപ്പെടുവിച്ചിട്ടില്ലെങ്കിലും ദക്ഷിണാവത്തനാഥന്റെ അഭിമതത്തെ സാധൂകരിക്കുന്ന ഒരൈതിഹ്യമുണ്ടെന്നു പ്രസ്താവിക്കുന്നു. നളൻ ദമന്തിയുടെ അടുക്കലേക്ക് ഒരു രാജഹംസത്തെ സന്ദേശവും കൊടുത്തയയ്ക്കുന്നതായി മഹാഭാരതത്തിൽ വണ്ണിച്ചിട്ടുള്ള ഭാഗവും കാളിദാസന്റെ പ്രതിഭയെ പ്രകാശിപ്പിച്ചിരുന്നിരിക്കാമെങ്കിലും, ഏറിയക്രമം രാമായണത്തിലെ വാനരദൌത്യംതന്നെയാണ് കാളിദാസനു മാഗ്ഗദശകമായി ഭവിച്ചതെന്നൂഹിക്കുവാൻ,

"ഇത്യാഖ്യാതേ പവനതനയം

മൈഥിലീവോന്മുഖീ സാ" എന്നുതുടങ്ങിയ ഭാഗങ്ങൾ ഇടം തരുന്നുണ്ട്. ദൂതാവജ്ജനം, മാഗ്ഗവണ്ണനം നായികാദശനം, അഭിജ്ഞാനവചനം എന്നീസന്ദേശ കാവ്യാംഗങ്ങൾ, ചില വ്യത്യാസങ്ങളോടുകൂടിയാണെങ്കിലും, രാമായണംഹനുമദ്ദൂതിൽ കാണാമെന്ന വസ്തുതയും പ്രത്യേകം സ്മരണീയമാണ്. "കാമവിലാപജാതകം" എന്ന ബൌദ്ധജാതകകഥയിൽ വിപന്നനായ ഒരുവൻ വിരഹിണിയായ ഭായ്യയ്ക്കു് ഒരു കാക്കമുഖേന സന്ദേശമയയ്ക്കുന്നു. ഇതും കാളിദാസന്റെ ജ്ഞാനപരിധിയിൽ പെട്ടിരിക്കാം.

കാളിദാസന്റെ സമകാലീനനായിരുന്ന ഘടകപ്പരന്റെ യമകകാവ്യത്തിലുള്ള ആശയത്തെ ആസ്പദീകരിച്ചാണ് അദ്ദേഹം മേഘദൂതം രചിച്ചതെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. കേവലം ഇരുപത്തിരണ്ടു ശ്ലോകങ്ങൾ കൊണ്ടു നിബദ്ധമായ ഘടകപ്പരകാവ്യത്തിൽ, വിരഹവിധുരയായ നായിക തന്റെ വിയോഗദുഃഖാതിശയത്തെ വിദൂരദേശഗതനായ ദയിതനെ അറിയിക്കുവാൻ വഷകാലാരംഭത്തിൽ മേഘങ്ങളോടു കേണപേക്ഷിക്കുന്നതായി വണ്ണിച്ചിരിക്കുന്നു. കാളിദാസനും ഘടകപ്പരനും സന്ദേശഹരനായി മേഘത്തെയാണു തെരഞ്ഞെടുക്കുന്നതു്. രണ്ടുപേരും സമകാലികരും വിക്രമാദിത്യവിദ്വത്സദസ്സിൽ അംഗങ്ങളുമായിരുന്നുവെന്ന് "ധന്വന്തരിക്ഷപണകാ"ദിപദ്യവും ഐതിഹ്യവും ഉദ്ഘോഷിക്കുന്നു. ഈ ഐതിഹ്യം തികച്ചും ശരിയാണെന്നാണു പല ചരിത്രഗവേഷകപ്രവേകന്മാരുടെയും അഭിപ്രായം. സമകാലീനരായ ഈ രണ്ടു കവികളിൽ ആരു് ആരെ അനുകരിച്ചു എന്നു തീത്തു പറയുവാൻ, ആ വിദൂരഭൂതകാലത്തെക്കുറിച്ചുള്ള പരിമിതമായ അറിവുമൂലം, നമുക്ക് സാധിക്കാതെയാണിരിക്കുന്നതു്. ഏതായാലും, എവിടെ നിന്നോ കാളിദാസകവിഹൃദയത്തിൽ കടന്നുകൂടിയ സന്ദേശമെന്ന ഈ ചെറിയ ആശയപ്രകാണ്ഡം പ്രതിഭ, അഭ്യാസം, വ്യുത്പത്തി എന്നീ ശക്തിവിശേഷങ്ങളുടെ നിരന്തരപ്രവത്തനംമൂലം കളങ്കമററു്, കറമാറി, നവങ്ങളായ ഗുണാതിശയങ്ങൾ കൈക്കൊണ്ടു് രസമയമായിത്തീന്നതിനുശേഷം നിര

ങ്ങളും വിനിഗ്ഗളിച്ച ഒരു വാക്സുധാപ്രവാഹമാണു മേഘദൂതകാവ്യമെന്നു സാമാന്യമായിപ്പറയാം. കാളിദാസൻെറ മേഘദൂതമാവിർഭവിച്ചതിനുശേഷമാണു് സാഹിത്യത്തിൽ സന്ദേശകാവ്യപ്രസ്ഥാനം ഉണ്ടായതെന്നുള്ളതു നിസ്സംശയമാണു്.

മേഘദൂതം പുറപ്പെട്ടതുമുതൽ തന്നെ പല കവിയശഃപ്രാർത്ഥികളും അതിനെ അനുകരിച്ചു സന്ദേശകാവ്യങ്ങൾ രചിച്ചതായി വിചാരിക്കണം. പല സാഹിത്യശാസ്ത്രനിരൂപകന്മാരും ഇമ്മാതിരി നിർജ്ജീവവസ്തുക്കളെ ദൂതന്മാരാക്കി നിബന്ധിക്കുന്ന സന്ദേശകാവ്യങ്ങളെ കഠിനമായി ആക്ഷേപിച്ചിരുന്നു. ക്രിസ്ത്വബ്ദം ഏഴാംശതകത്തിൽ ജീവിച്ചിരുന്ന 'ഭാമഹൻ' എന്ന ആലങ്കാരികൻ തൻെറ "കാവ്യാലങ്കാര" ത്തിൽ,

"അയുക്തിമദ്യഥാ ദൂതാ ജല
ഭൃന്മാരുതാദയഃ
തഥാ ഭ്രമരഹാരീതചക്രവാ
കശുകാദയഃ
അവാചോഽവ്യക്ത വാചശ്ച ദൂരദേശ
വിചാരിണഃ
കഥം ദൗത്യം പ്രപദ്യേരന്നിതി
യുക്ത്യാ ന യുജ്യതേ"

എന്നു പ്രസ്താവിച്ചിരിക്കുന്നതു പ്രത്യേകം ശ്രദ്ധേയമാണു്. മേഘസന്ദേശത്തിലെ ദൗത്യമെന്ന ആശയംകവന്നു ഭവഭൂതി "മാലതീമാധവം" നാടകത്തിൽ നായകനായ മാധവൻ തൻെറ ദയനീയസ്ഥിതി നായികയായ മാലതിയെ അറിയിക്കുവാൻ ഒരു മേഘത്തോടു പ്രാർത്ഥിക്കുന്നതായി പ്രസ്താവിക്കുന്നു. ഏ. ഡി. ഒൻപതാംശതകത്തിൽ ജീവിച്ചിരുന്ന ജിനസേനൻ എന്ന ജൈനകവി മേഘദൂതിലെ ഓരോ പാദത്തെയും ഓരോ ശ്ലോകത്തിൽ ഘടിപ്പിച്ചു പാർശ്വാഭ്യുദയം എന്ന ഒരു കാവ്യം രചിക്കുകയുണ്ടായി. വിപ്രലംഭശൃംഗാരത്തിനു സർവ്വഥാ പ്രാധാന്യം നല്കിയിട്ടുള്ള സന്ദേശകാവ്യങ്ങളിൽ, മേഘദൂതു കഴിഞ്ഞാൽ ഏററവും പ്രാചീനമായിട്ടുള്ളതു് ഏ. ഡി. പന്ത്രണ്ടാം ശതാബ്ദത്തിൽ വംഗരാജാവായിരുന്ന ലക്ഷ്മണസേനൻെറ പണ്ഡിതസദസ്സിലെ ഒരംഗവും, ജയദേവകവിയുടെ സമകാലികനുമായിരുന്ന ധോയിയുടെ പവനദൂതമാകുന്നു. ലക്ഷ്മണസേനനിൽ അനുരക്തയായി മലയപർവ്വതപ്രാന്തങ്ങളിൽ അസ്വസ്ഥയായ് കഴിഞ്ഞുകൂടുന്ന ഒരുഗന്ധർവ്വയുവതി ആ രാജാവിൻെറ സമീപത്തേക്കു പവമാനപോതത്തെ പ്രേമസന്ദേശവാഹകനാക്കി യയയ്ക്കുന്ന പ്രസ്തുതസന്ദേശകാവ്യം പദലാളിത്യത്തിലും, അർത്ഥപൗഷ്കല്യത്തിലും, രീതിമാധുര്യത്തിലും ഏകദേശം മേഘദൂതത്തോടടുത്തു വരുന്നുണ്ടെന്നു നിസ്സംശയം അഭിപ്രായപ്പെടാം.

കാളിദാസൻ വാല്മീകിയെ അനുകരിച്ചാണു മേഘസന്ദേശരചന സാധിച്ചതെന്നിരുന്നാലും കേവലം ഛായാസംക്രമണത്തിൽ കവിഞ്ഞ ഒരുബന്ധം കാളിദാസനും ആദികവിയായ ആ മഹർഷിപുംഗവനും തമ്മിലില്ല. എന്നാൽ, മേഘസന്ദേശവും പിന്നീടുണ്ടായ പവനദൂതാദികളും തമ്മിൽ ഉപജീവ്യോപജീവകഭാവം സ്പഷ്ടമാണു്. അങ്ങനെ കാളിദാസൻെറ മേഘദൂതത്തെ നിസ്തന്ദ്രം അനുകരിക്കുന്ന സംസ്കൃതസന്ദേശകാവ്യങ്ങളിൽ ഏകദേശം അറുപതെണ്ണം ഇപ്പോഴും അച്ചടിപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നു. കൂടാതെ, ഭാരതത്തിലെ മിക്കനാട്ടുഭാഷകളിലും ഈ പ്രസ്ഥാനവിശേഷം കടന്നുകൂടി തത്തദ് ഭാഷായോഷകളെ വി

ഭൂഷിതകളാക്കിയിട്ടുണ്ട്. എങ്കിലും, ഭാരതവർഷത്തിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് സന്ദേശകാവ്യങ്ങളുടെ ഉദയത്തിന് ഏററവും മഹനീയമായ കീർത്തിസമ്പാദിച്ചിട്ടുള്ള പുണ്യഭൂമിയാണ് കേരളം. കാളിദാസനെ മാതൃകയാക്കി ശുക, കോകില, ഭ്രമര, ഭൃംഗ, കോക, ചകോര, ചാതക, ഗൃദ്ധ്റാദിസന്ദേശ കാവ്യങ്ങൾ അനുഗൃഹീതരായ കേരളകവികൾ സംസ്കൃതത്തിൽ രചിച്ചിട്ടുണ്ട്. സന്ദേശകാവ്യപ്രസ്ഥാനം മലയാളഭാഷയിലും കാലക്രമത്തിൽ കടന്നുകൂടുകയുണ്ടായി. മേഘ, ശുക, കോകിലസന്ദേശങ്ങളുടെ തർജ്ജമകളും 14ാം ശതകത്തിൽ ജീവിച്ചിരുന്ന ഏതോ ഒരു പണ്ഡിതകവിയുടെ ഉണ്ണുനീലീസന്ദേശം, വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ മയൂരസന്ദേശം, പി. ജി. രാമയ്യർ അവർകളുടെ വിപ്രസന്ദേശം, എം. രാജരാജവർമ്മ തിരുമനസ്സിലെ ഗരുഡസന്ദേശം, കൊല്ലം ഗോവിന്ദപ്പിള്ള അവർകളുടെ മാർജ്ജാരസന്ദേശം, ശീവൊള്ളിനമ്പൂരിയുടെ ദാത്യൂഹസന്ദേശം എന്നീകൃതികളുമാണ് കേരളഭാഷയിലെ പ്രധാനസന്ദേശ കാവ്യങ്ങൾ. ഇവയിൽ കാവ്യഗുണം കൊണ്ടും, രചനാസൗഷ്ഠവം കൊണ്ടും, പ്രചാരപ്രാചുര്യം കൊണ്ടും മുന്നണിയിൽ നില്ക്കുന്നവ ഉണ്ണുനീലിസന്ദേശവും മയൂരസന്ദേശവുമാകുന്നു.

സന്ദേശകാവ്യങ്ങളിൽ മിക്കവയും കാളിദാസനെ ഉപജീവിക്കുകയാൽ മേഘദൂതംതന്നെയാണ് ലക്ഷണം തികഞ്ഞ സന്ദേശകാവ്യമെന്നു പറയാം. ഏതെങ്കിലും കാരണത്താൽ പ്രാണപ്രേയസീവിപ്രയുക്തനായി വിദൂരദേശവാസം അനുഷ്ഠിക്കുവാൻ ദൗർഭാഗ്യമുണ്ടാകുന്ന ഒരുവൻ വിയോഗപീഡിതനായിത്തീരുകയും പ്രിയതമയ്ക്കുണ്ടാകാവുന്ന വിരഹദുഃഖത്തെയോർത്ത് കാമഭ്രാന്തനായി ഭവിക്കുകയും ചെയ്യുന്നു.

"വിശ്ലേഷാർത്ത്യാ വിധുരമനസാം
വല്ലഭാനാമുദന്തം
പ്രാണാൻ വീണാപരിമൃദുഗിരാം
കണ്ഠനാളേ നിരുന്ധേ"

[ഭ്രമരസന്ദേശം]

എന്ന തത്ത്വം മനസ്സിലാക്കി അതനുസരിച്ചു ദൂതുകൊണ്ടു പോകുവാൻ നിർജ്ജീവവസ്തുക്കളെയോ വല്ല ജീവികളെയോ അയാൾ നിയോഗിക്കുന്നു. ഈ ആശയത്തെ കേന്ദ്രീകരിച്ചുകൊണ്ടു നിർമ്മിക്കുന്ന സന്ദേശകാവ്യങ്ങൾക്കു പൂർവ്വസന്ദേശമെന്നും ഉത്തരസന്ദേശമെന്നും രണ്ടുഭാഗങ്ങൾ ഉണ്ടായിരിക്കും. പൂർവ്വഭാഗത്തിൽ സാധാരണയായി നായികാനായകവിശ്ലേഷം, സന്ദേശസന്ദർഭം, ദൂതാവർജ്ജനം, ദൂതമാർഗ്ഗനിർദ്ദേശം എന്നിവയുടെ വിവരണവും, ഉത്തരഭാഗത്തിൽ നായികാവാസസ്ഥലവർണ്ണനം, നായികാവർണ്ണനം, അടയാളവാക്യ കഥനം, സന്ദേശവിവരണം എന്നിവയും അടങ്ങിയിരിക്കും. ഈ വക കാവ്യങ്ങളിൽ സന്ദേശമാണു പ്രധാനാംശമെങ്കിലും, മാർഗ്ഗവർണ്ണനത്തിലാണ് എല്ലാക്കവികളും ശ്രദ്ധപതിപ്പിച്ചിട്ടുള്ളത്. കാരണം, അവിടമാണ് കവിയുടെ വിജ്ഞാനപ്രകടനത്തിനും പ്രതിഭാപ്രകാശനത്തിനും ഏററവും പററിയ ഘട്ടം.

ഇങ്ങനെയുള്ള മിക്ക സന്ദേശകാവ്യങ്ങളിലും വിരഹമനുഭവിക്കുന്ന ഭാര്യാഭർത്താക്കന്മാർ നായികാനായകന്മാരായിരിക്കുകയാൽ, ഇവയുടെ അങ്ഗിരസം വിപ്രലംഭശൃങ്ഗാരമായിരിക്കുമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. എ

ന്നാൽ തത്വജ്ഞാനസിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുവാനുള്ള ഒരുത്തമ മാൎഗ്ഗമായി സന്ദേശകാവ്യത്തെ സംവീക്ഷിച്ച ചില കവികൾ, അവരുടെ സന്ദേശകാവ്യങ്ങളിൽ ഭക്തിരസത്തിനും സ്ഥായിത്വം കല്പിക്കുകയുണ്ടായി. ഇതു് പ്രത്യക്ഷത്തിൽ ഒരു വലിയ വ്യതിയാനമാണു്.

എന്നാൽ ഒരു കാമുകനു തന്റെ പ്രാണപ്രിയയോടു തോന്നുന്ന പ്രണയപ്രകൎഷവും, ഭക്തിപരവശനായ ഒരു യമിപ്രവരനു് ഈശ്വരനോടു തോന്നുന്ന പ്രീതിപാരമ്യവും സമാനങ്ങളായ മാനസികവൃത്തികളിൽ നിന്നുമാണു സമുദ്ഭൂതമാകുന്നതെന്നറിയുമ്പോൾ, ഇതൊരു വിപ്ലവകരമായ പരിവൎത്തനമായി നമുക്കു തോന്നുകയില്ല. ശ്രീചൈതന്യ ഭഗവാനും രൂപഗോസ്വാമിയും ശൃംഗാരരസത്തെ മധുരരസവുമായി സംഘടിപ്പിക്കുവാൻ ചെയ്തിട്ടുള്ള യത്നങ്ങളും ഈ സന്ദൎഭത്തിൽ സ്മൎത്തവ്യങ്ങളാണു്. ചേതോദൂതു്, നേമിദൂതു്, ഭക്തിദൂതു് എന്നീ സന്ദേശകാവ്യങ്ങളിൽ സ്ഥായിത്വം ഭക്തിരസത്തിനാണു്. "ധൎമ്മരാജാവു്" എന്ന പാവനനാമം വഹിച്ചിരുന്ന കാൎത്തികതിരുനാൾ മഹാരാജാവു് തിരുമനസ്സിനോടു് ഒരു ചാതകംമുഖേന ധനാഭ്യൎത്ഥനചെയ്യുന്ന ചാതക സന്ദേശകാരൻ സ്വകാവ്യത്തിന്റെ അങ്ഗിരസമായി ദാനവീരരസത്തെ തെരഞ്ഞെടുത്തിരിക്കുന്നു. ഒരുപക്ഷേ, "വീരശൃംഗാരയോരേകഃ" എന്ന ആലങ്കാരികമതമനുസരിച്ചു്, സന്ദേശകാവ്യങ്ങളിൽ വീരരസത്തിനു വിപ്രലംഭശൃംഗാരത്തെപ്പോലെ തന്നെ സ്ഥായിഭാവവിഷയത്തിൽ ഔത്കൃഷ്ട്യമുണ്ടെന്നായിരിക്കാം ഈ കവിയുടെ അഭിപ്രായം.

കാളിദാസൻ ഒരു നിൎജ്ജീവവസ്തുവിനെയാണു സന്ദേശഹരനാക്കിയതു്. "കാമാൎത്താ ഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു" എന്നു് ആ ദിഗന്തവിശ്രാന്തകീൎത്തിക്കു തക്ക സമാധാനവുമുണ്ടായിരുന്നു. അദ്ദേഹത്തെ അനുകരിച്ചവരിൽ ചിലർ ജന്തുക്കളെയും മനുഷ്യരെപ്പോലും ദൂതന്മാരാക്കുകയുണ്ടായി. ഉദ്ധവദൂതം, ഉദ്ധവസന്ദേശം, വിപ്രസന്ദേശം, ഉണ്ണുനീലിസന്ദേശം എന്നിവയിൽ മാനുഷജീവികളാണു സന്ദേശഹാരികൾ. തത്വചിന്തകന്മാരായ ചില കവികൾ ഒരു പടി കൂടികടന്നു് ഭക്തി, മനസ്സ് എന്നീ സാമാന്യാശയങ്ങളെ ദൗത്യവാഹകന്മാരും സന്ദേശസ്വീകൎത്താക്കളുമാക്കിത്തീൎത്തു. വിഷ്ണുദാസന്റെ മനോദൂതിൽ കവി വിഷ്ണുവിനോടു തന്റെ ഭക്തിയെ അറിയിക്കാൻ മനസ്സിനെ ദൂതനായി നിയോഗിക്കുന്നു. കാളീപ്രസാദൻ തന്റെ "ഭക്തിദൂതി"യിൽ മുക്തിയെ പ്രണയിനിയായി സങ്കല്പിച്ചു് അവളുടെ സമീപത്തേക്കു ദൂതിയായി ഭക്തിയെ അയയ്ക്കുകയാണു ചെയ്യുന്നതു്!

കാളിദാസന്റെ മേഘദൂതം തുടങ്ങി മിക്ക സന്ദേശകാവ്യങ്ങളിലും മന്ദാക്രാന്താവൃത്തമാണു് ഉപയോഗിച്ചിരുന്നതു്. എന്നാൽ വളരെ ചുരുക്കം പേർ ഇതിലും ചില വ്യത്യാസങ്ങൾ വരുത്തുവാൻ മടിച്ചില്ല. രൂപഗോസ്വാമിയുടെ ഹംസദൂതു് ശിഖരിണീവൃത്തത്തിലും, വിഷ്ണുദാസന്റെ മനോദൂതു വസന്തതിലകത്തിലും, ജംബൂകവിയുടെ ചന്ദ്രദൂതു മാലിനീവൃത്തത്തിലും, ഭോലാനാഥന്റെ പാന്ഥദൂതു ശാൎദ്ദൂലവിക്രീഡിതം വൃത്തത്തിലുമാണു നിബദ്ധമായിരിക്കുന്നതു്.

സന്ദേശകാവ്യങ്ങൾക്ക സംസ്കൃതസാഹിത്യത്തിൽ ഒരു ഗണനീയമായ സ്ഥാനമുണ്ടെന്നും അവ ആത്മഗീതങ്ങളുടെ ദൗർല്ലഭ്യത്തെ പരിഹരിക്കുന്നുവെന്നും ഒരിക്കൽ പ്രസ്താവിച്ചുവല്ലോ. ആത്മാവിഷ്കരണേച്ഛയാണു പല സന്ദേശകാവ്യങ്ങളുടെയും ഉത്പത്തിക്കു നിദാനം. മേഘദൂതത്തിലെ യക്ഷൻെറയും യക്ഷിയുടെയും മററും കഥയെല്ലാം വെറും വ്യപദേശമാണെന്നും നായകൻ കാളിദാസനാണെന്നും നായിക ഒരു അവന്തിരാജകുമാരിയാണെന്നും ചിലൎക്ക് അഭിപ്രായമുണ്ട്.

"സ്വസ്രേ പൂൎവ്വം മഹിതനൃപതേർ
വിക്രമാദിത്യനാമ്നഃ
പോക്കാംചക്രേ തരുണ ജലദം
കാളിദാസഃ കവീന്ദ്രഃ"

എന്നു ലീലാതിലകത്തിൽ കാണുന്നതിനാൽ വിക്രമാദിത്യൻെറ സഹോദരിയുടെ അടുക്കലേക്കു കാളിദാസൻ മേഘത്തെ അയയ്ക്കുകയാണു ചെയ്തതെന്നു കേരളത്തിൽ വിശ്വസിച്ചിരുന്നതായി തെളിയുന്നു.

"സ്ഥാനാദസ്മാത് സരസനിചുളാ
ദുത്പതോ ദങ്മുഖഃ ഖം
ദിങ്നാഗാനാം പഥി പരിഹരൻ
സ്ഥൂലഹസ്താവലേപാൻ"

എന്ന ഭാഗത്തു കാളിദാസൻ സമകാലികന്മാരായിരുന്ന നിചുളനെയും ദിങ്നാഗാചാൎയ്യനെയും സൂചിപ്പിക്കുന്നതായി മല്ലിനാഥനും ദക്ഷിണാവൎത്തനാഥനും വ്യാഖ്യാനിക്കുന്നു. കാളിദാസൻ ഒരു രാജകുമാരിയെ പരിഗ്രഹിച്ചിരുന്നു എന്നൊരു ഐതിഹ്യവുമുണ്ട്. മേഘത്തിൻെറ മാൎഗ്ഗം വൎണ്ണിക്കുന്ന ഭാഗങ്ങളിൽ കവിയുടെ അത്യധികമായ ഉത്കണ്ഠ പ്രകടമാകുന്നു. സൎവ്വോപരി, നായികയുടെ മാതാപിതാക്കന്മാരെപ്പററിയോ, മററു ബന്ധുജനങ്ങളെപ്പററിയോ, പരിചാരികമാരെക്കുറിച്ചോ കവി യാതൊന്നും പ്രസ്താവിക്കാതിരുന്നതു് നായികയുടെ താദാത്മ്യനിഗ്രഹത്തിനല്ലയോ എന്നു സംശയിക്കാവുന്നതാണ്. ആകപ്പാടെ യക്ഷൻെറ പിറകിൽ മറഞ്ഞുനിന്നുകൊണ്ടു് കാളിദാസൻ സ്വപ്രിയതമയ്ക്കു മേഘം മുഖേന സന്ദേശമയയ്ക്കുന്നതാണു മേഘസന്ദേശമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇതു ശരിയാണെങ്കിൽ, മേഘസന്ദേശകാവ്യം ലോകത്തിലെ ആത്മാവിഷ്കാരകങ്ങളായ സ്വച്ഛന്ദഗീതങ്ങളിൽ അഗ്രിമസ്ഥാനാർഹമായിത്തീരും. വിഷ്ണുദാസൻ, കാളീപ്രസാദൻ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ എന്നീ കവിവരന്മാരുടെ സന്ദേശകാവ്യങ്ങൾ ഒന്നാംകിടയിലുള്ള ആത്മഗീതങ്ങളാണെന്നുള്ളതു നിസ്തൎക്കമായ ഒരു സംഗതിയാണ്.

രസപുഷ്ടങ്ങളായ സാഹിത്യകൃതികളിൽ സന്ദേശകാവ്യങ്ങൾ ഒരുത്തമസ്ഥാനം അർഹിക്കുന്നു. മിക്ക സന്ദേശകവികളും വിപ്രലംഭശൃംഗാരപരിപോഷണത്തിൽ ബദ്ധശ്രദ്ധരായിരുന്നു. എന്നാൽ ഈ വിഷയത്തിൽ കവിസമ്രാട്ടായ കാളിദാസൻെറ ശതയോജനദൂരം നിൽക്കുവാൻ മററാൎക്കും കഴിഞ്ഞിട്ടില്ല. ധോയിയുടെ പവനദൂതവും, ലക്ഷ്മീദാസൻെറ ശുകസന്ദേശവും കാളിദാസനെ അനുകരിച്ച് വിപ്രലംഭശൃംഗാര പരിപോഷണത്തിന് എതിർവശമായ സംഭോഗശൃങ്ഗാര രസം പലയിടത്തും സ്ഫുടിപ്പിച്ചിട്ടുണ്ട്. എങ്കിലും, ഇക്കവികളുടെ രസസ്ഫുരണനൈപുണ്യം ഒരുപോലെയല്ല. മേഘ

സന്ദേശത്തിൻെറ വർണ്ണ്യമായ രസത്തിൽ നായകൻ കൂടി അനുപ്രവേശിക്കുന്നതിനു പുറമേ, രസാനുഭവത്തിൽ സന്ദേശഹരനെയും ഭാഗഭാക്കാക്കിത്തീർക്കുന്നു. എന്നാൽ ഇതരകാവ്യങ്ങളിൽ സന്ദേശഹരന് രസാനുഭവത്തിൽ മിക്കയിടങ്ങളിലും യാതൊരു ഭാഗഭാഗിത്വവുമുള്ളതായിക്കാണുന്നില്ല. മേഘം മദ്ധ്യേമാർഗ്ഗം സംഭോഗസുഖമനുഭവിക്കുന്നതായി പ്രസ്താവിക്കുന്ന നായകൻ ഭാര്യ്യാവിയുക്തനാകയാൽ അയാളുടെ വിപ്രലംഭം ഉത്കടാവസ്ഥയെ പ്രാപിക്കുന്നു. സർവ്വോപരി, സന്ദേശഹരനായ മേഘം തന്നെ വിപ്രലംഭശൃംഗാരത്തിൻെറ ഒരു ഉദ്ദീപനവിഭാവമാണ്. ഇതുപോലെ, ഓരോ നിസ്സാരകാര്യ്യങ്ങളിൽപോലും ഔചിത്യം ദീക്ഷിച്ചു സ്ഥായിരസത്തെ പരിപോഷിപ്പിക്കുവാൻ കാളിദാസനെപ്പോലെ മററാർക്കും സാധിച്ചിട്ടില്ലെങ്കിലും, ശുകസന്ദേശം, കോകിലസന്ദേശം, പവനദൂതം, ഉണ്ണുനീലീസന്ദേശം, മയൂരസന്ദേശം എന്നീ കൃതികൾ കാവ്യരസനിഷ്യന്ദികളായ ശൃംഗാരകവിതകളാണെന്നുള്ളതു നിർവിവാദമാണ്. ദേശചരിത്ര നിർമ്മിതിയിൽ പ്രകൃത്യാ പരാങ്മുഖരായ ഭാരതീയർ ദൂതൻ കടന്നുപോകുന്ന മാർഗ്ഗത്തെയെല്ലാം സുദീർഘം വർണ്ണിച്ചിരിക്കുന്നതു് അനന്തരകാലീനരായ ഭൂമിശാസ്ത്രകാരന്മാർക്കും ചരിത്രഗവേഷകന്മാർക്കും അത്യധികം ഉപയോഗപ്രദമാണ്. എങ്കിലും, മിക്ക സന്ദേശകാവ്യങ്ങളും ഗതാനുഗതികത്വംകൊണ്ടും വൈചിത്ര്യാഭാവംകൊണ്ടും സഹൃദയഹൃദയങ്ങൾക്കു് അരോചകങ്ങളായി ഭവിച്ചിട്ടുണ്ടു്.

മേഘദൂതമൊഴിച്ചാൽ, സന്ദേശകാവ്യപ്രസ്ഥാനത്തിൽ അത്യുത്കൃഷ്ടസ്ഥാനാഹമായതു കരിങ്ങമ്പള്ളി മനയ്ക്കലെ ലക്ഷ്മീദാസൻെറ ശുകസന്ദേശവും, അതു കഴിഞ്ഞാൽ ഉദ്ദണ്ഡസൂരികളുടെ കോകിലസന്ദേശവുമാണ്. ഈ രണ്ടു കേരളീയ കവികളും കാളിദാസനെ അതിരു കടന്നനുകരിച്ചിട്ടുണ്ടെന്നു് അക്കൃതികൾ തുലനം ചെ പഠിക്കുന്ന ഏതൊരുവനും അനായാസേന മനസ്സിലാവും. മേഘദൂതത്തിൽനിന്നും പറയത്തക്ക വിഭിന്നതയൊന്നും മിക്ക സന്ദേശകാവ്യങ്ങൾക്കുമില്ല. ശുകസന്ദേശത്തിൻെറയും സ്ഥിതി ഇതിൽനിന്നും വളരെ വ്യത്യസ്തമാണെന്നു പറയുവാൻ പാടില്ല. ശുകസന്ദേശം മേഘസന്ദേശച്ഛായാനുസാരിയാണെങ്കിലും, ലക്ഷ്മീദാസൻെറ പ്രതിഭയുടെ പ്രകാശവും, രചനയുടെ വൈചിത്ര്യവും, വാഗ്വിലാസത്തിൻെറ വൈഭവവും അതിൽ എവിടെയും തെളിഞ്ഞുകാണാം. എന്നാൽ കോകിലസന്ദേശത്തിൻെറ സ്ഥിതി ഇങ്ങനെയല്ല. ലക്ഷ്മീദാസൻ ഒരു ശുകത്തിൻെറ സഹായമപേക്ഷിക്കുന്നുവെങ്കിൽ, ഉദ്ദണ്ഡൻ "കോകിലം" എന്ന വർഗ്ഗനാമംകൂടി നിർദ്ദേശിക്കുന്നു എന്നു മാത്രം ഭേദം. നമ്പൂതിരിപ്പാടു നായകനെ നായികയിൽനിന്നും വേർപെടുത്തുന്നതിൽ "ദ്വാരാസേധഃ ക്വ ന ഹതവിധേർദ്ദൂരനീതഃ" എന്ന വിധിയെ കുററപ്പെടുത്തുന്നതിൻെറ ഒരു പ്രതിധ്വനിയാണ്, "ചിത്രാ ദൈവീ ഗതിരിയം" എന്ന കോകിലസന്ദേശവാക്യം. പ്രണയിനികളുമൊരുമിച്ചു കാമക്രീഡാരസാസ്വാദതത്പരരായിരിക്കുമ്പോഴാണു കോകിലശുകസന്ദേശനായകന്മാർ നീലകേശികളാൽ അപഹൃതന്മാരാകുന്നതു്. ഉണ്ണുനീലീസന്ദേശത്തിൽ നീലകേശിയുടെ സ്ഥാനത്തു് ഒരു യക്ഷിയാണെന്നു മാത്രമേ വ്യത്യാസ

മുള്ളു. "ലക്ഷ്മ്യാ രംഗേ ശരദി ശശിന സ്സൗധശൃംഗേ കയോശ്ചിത്" എന്ന ശുകസന്ദേശപ്രാരംഭപദ്യം കോകിലസന്ദേശത്തിൽ "സൗധേ തുംഗേ സഹ ദയിതയാ കോപി സംക്രീഡമാനഃ" എന്ന രൂപത്തെ പ്രാപിച്ചു. ശുകസന്ദേശനായകൻ "സൗജന്യാബ്ധേ" ഭവതുഭവതേ സ്വാഗതം" എന്നു ദൂതനെ അഭിവാദനം ചെയ്യുന്നതിനെ അതേപടി അനുകരിച്ച് ഉദ്ദണ്ഡന്റെ നായകൻ "അത്രായാഹി പ്രിയസഖ നനു സ്വാഗതം" എന്നും കേരളകാളിദാസൻ "ധന്യാത്മാവേ! ഖഗവര! ജയിച്ചാലും" എന്നും ദൂതനെ സ്വാഗതം ചെയ്യുന്നു. ഉണ്ണുനീലീസന്ദേശത്തിൽ വിവേകശൂന്യങ്ങളായ ജീവികൾക്കുപകരം, ഒരു മനുഷ്യജീവിയെത്തന്നെ സന്ദേശഹരനായി നിയമിക്കുന്നതു ഒരു വലിയ വ്യതിയാനമാണ്. കോകിലസന്ദേശം ശുകസന്ദേശത്തെ മാത്രമല്ല മേഘസന്ദേശത്തെയും അനുകരിച്ചിട്ടുണ്ട്. "കാന്തോദന്തസ്സുഹൃദുപനതഃ സംഗമാത് കിഞ്ചിദൂനഃ" എന്നു മേഘസന്ദേശത്തിലും, "കാന്തോദന്തസ്സുഹൃദുപനതോ വിപ്രയോഗാദ്ദ്വിതാനാം" എന്നു കോകിലസന്ദേശത്തിലും കാണുന്നു. യാത്രാവസരത്തിൽ സന്ദേശഹാരിയ്ക്കുണ്ടാകുമെന്നു കാളിദാസൻ പ്രതീക്ഷിക്കുന്ന പവനാനുകൂല്യം കോകിലത്തിനുമുണ്ടാകുന്നുവെന്ന്, "മന്ദം മന്ദം നുദതി പവനശ്ചാനുകൂലോ യഥാത്വാം" എന്ന മേഘസന്ദേശ ഭാഗവും "കമ്പാകൂലോപവനപവനാ ബന്ധവ സ്തേനുകൂലാഃ" എന്ന കോകിലസന്ദേശഭാഗവും ഉദ്ഘോഷണം ചെയ്യുന്നുണ്ട് "സന്ദേശം മേ ഹര" എന്നു കാളിദാസന്റെ നായകൻ മേഘത്തോടപേക്ഷിക്കുമ്പോൾ "സന്ദേശംമേ നയ" എന്നു ശാസ്ത്രികളുടെ നായകൻ കോകിലത്തോടു പ്രാർത്ഥിക്കുന്നു. ചുരുക്കത്തിൽ, ലക്ഷ്മീദാസൻ ഛായാപഹാരിയും ഉദ്ദണ്ഡസൂരികൾ ഛായാപദപാദാപഹാരിയുമാണെന്നു പറയാം. കോകില സന്ദേശത്തിൽ എന്തെല്ലാം ഗുണഗണങ്ങൾ ഇണങ്ങിച്ചേർന്നിരുന്നാലും, കവിയുടെ ഇത്തരത്തിലുള്ള അപഹരണകർമ്മം അപലപനീയവും ഉദ്ദണ്ഡ സൂരികളെപ്പോലെയുള്ള സാഹിത്യകേസരികളുടെ ഗൗരവത്തിനു പോരാത്തതുമാകുന്നു.

കേവലം ഭാവനാവിശിഷ്ടങ്ങളായ ഇതിവൃത്തങ്ങൾ ആധാരമാക്കിയാണു മിക്ക സന്ദേശ കാവ്യകാരന്മാരും കാവ്യ വ്യവസായം നടത്തിയിട്ടുള്ളതു്. എന്നാൽ, ഈ കൃത്രിമ കല്പനകൊണ്ടു കുത്സിതമാകാത്ത കഥാവസ്തുവാണു മയൂരസന്ദേശത്തിലേതു്. ഇപ്രകാരം സ്വാനുഭവപ്രകാശനത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഇതരസന്ദേശകവികളെ അതിശയിച്ചിട്ടുണ്ടെങ്കിലും, അപഹരണവിഷയത്തിൽ ഉദ്ദണ്ഡസൂരികൾക്കു തുല്യമായ ഒരു സ്ഥാനം അദ്ദേഹത്തിനുമുണ്ട്. യക്ഷൻ മേഘത്തെക്കാണുമ്പോൾ, "ഉള്ളിൽ തള്ളിവരുന്നമാലൊടു മനോരാജ്യത്തിൽ നില്ക്കുന്ന" പോലെ, മയൂരത്തെക്കാണുമ്പോൾ പ്രസ്തുതനായകനും "ഇണ്ടൽക്കേറ്റം വശഗനവിടെത്തന്നെ മിണ്ടാതെ" നിന്നുപോയി.

"തേനാർത്ഥിത്വം ത്വയി വിധിവശാദ്
ദൂര ബന്ധുർ ഗതോഹം"

എന്ന മേഘസന്ദേശപദ്യത്തിന്റെ ഒരു വ്യാഖ്യാനമാണ്.

"ദൂനം ദൂരസ്ഥിതദയിതനാ
യത്തുമാശ്വാസമില്ലാ-
തേനം ദീനം ജനമനുകനിഞ്ഞൊന്നു
ചെയ്താലുമിപ്പോൾ"

# *“നാളത്തേ പാഠം”

മൂഴിക്കുളം എം. രാമൻപിള്ള

‘ആശയുണ്ടു പഠിക്കുവാനെങ്കിലു-
മാവതില്ലതെന്നമ്മയോടോതുവാൻ’
പൊന്നുഷസ്സിനുപോലുമുണരുവാ-
നെന്നുടയവർ ചെന്നു വിളിക്കണം
എന്നിരിക്കവേ, ഞാൻ വിശ്രമോന്മുഖ-
മുന്നതാശയിലാടുന്നതത്ഭുതം !

കൂട്ടുകാരിലൊരാൾ തന്നെ തുട്ടിനാൽ
കൂട്ടമേ നാം കഴിച്ചു നിശാമയം
കൂത്തടിക്കുവാനിന്നെത്തിടായ്കിലോ
കൂത്ത വാക്കാൽ മുറിക്കുമെൻ മാനസം

---

എന്ന മയൂരസന്ദേശപദ്യാർദ്ധം. കോകില ശുകസന്ദേശങ്ങളെയും കേരള കാളിദാസൻ അനുകരിക്കുന്നുണ്ട്.

“കഷ്ടപ്പാടും ജഗത്തിൽ സുഖവുമിട കലർന്നോർക്കുമേവർക്കുമല്ലോ” എന്ന ശുക സന്ദേശഭാഗത്തിനു തുല്യമായ “ ഈ ലോകത്തിൽ സുഖമസുഖവും മിശ്രമായ് ത്താനിരിക്കും”. എന്ന മയൂരസന്ദേശഭാഗവും, “കൃജാംകിഞ്ചിത്കുരു” എന്ന കോകിലദൂതഭാഗത്തിന്റെ വിവർത്തനമായ “പൊട്ടാനാകുംപടി രട” എന്ന മയൂര സന്ദേശപദാവലിയും ഈ സന്ദർഭത്തിൽ ഉദ്ധരിക്കേണ്ടവയാണ്.

“മാർഗ്ഗം താവച്ഛൃണു കഥയ
തസ്തപ്രയാണാനുരൂപം”

എന്നു മേഘസന്ദേശത്തിലും,

“തദ്ദേശം ചെന്നണവതിനു തേ
ചൊല്ലുവൻ മാർഗ്ഗമാദൗ”

എന്നു മയൂരസന്ദേശത്തിലും കാണുന്നവ അർത്ഥത്തിൽ ഒന്നുതന്നെയാണു്.

മിക്ക സന്ദേശ കാവ്യങ്ങളും പൂർവ്വഗാമികളെ അനുപദം അനുകരിച്ചിട്ടുണ്ട്. മേഘസന്ദേശത്തെ അതിസൂക്ഷ്മം അനുകരിച്ച് അവയിൽ നവനവങ്ങളായ ഉല്ലേഖങ്ങളും, പുതിയ പുതിയ ആശയങ്ങളും പുതിയ പുതിയ രസാദികളും കാണുന്നില്ല. അതുതന്നെയാണ് അവയുടെ പ്രചാരരാഹിത്യത്തിനും അപകർഷത്തിനും പ്രധാന ഹേതു.

---

* രാജകീയ സംസ്കൃത കാളേജ് പ്രിൻസിപ്പാൾ രാജശ്രീ എൻ. ഗോപാലപിള്ള അവർകൾ എം. ഏ. യുടെ അദ്ധ്യക്ഷതയിൽ നടന്ന മണ്ണാംശാലസ്കൂൾ വാർഷികസമ്മേളനത്തിൽ സ്ഥത്യർഹമാംവിധം പാരായണം ചെയ്തതു്.

നാളെ നാളെയെന്നോതിയാചാര്യന്നു
നാലു കാശ്ശും കൊടുത്തില്ലിതുവരെ
നീളുമെന്നാശയൊന്നിനാലിഗ്ഗുള-
നാളമയ്യോ വരണ്ടു കരിഞ്ഞുപോം.

‘ആശയുണ്ടു പഠിക്കുനാനെങ്കിലു-
മാവതില്ലെനിക്കീവിധം ജീവിതം ’

പാഴ്പണികൊണ്ടു ജന്മം തുലയ്ക്കുവാൻ ,
പാമരന്മാരൊടൊത്തു മേളിക്കുവാൻ,
പട്ടിണിത്തൊട്ടിലേറിയാടുന്നതിൽ-
കഷ്ടമാണു—നിരർത്ഥജന്മഭ്രമം.

പൂമലർവാടിപോലെഴും ബാല്യമേ !
പ്രേമസൂനം വിടർത്തുന്ന കാല്യമേ !
നീ മറഞ്ഞു പോം കാല മെൻജീവിത-
മാമയത്തിലടിഞ്ഞു പോയീടിലും
പാരതന്ത്ര്യത്തിലെന്നും ഞെരുക്കിടും
പാഴ്പടി കാത്തു ജീവിക്കവയ്യ മേ.

വേർപ്പുവെള്ളത്തിൽ മുങ്ങട്ടെ യെൻമുഖം
ചോപ്പണിയട്ടെ യെൻമെയ് പണികളാൽ
കാപ്പു കെട്ടട്ടെ തുമ്പത്തഴമ്പിനാൽ
കാക്കൽനിന്നു കരയുമെൻ പാണികൾ.

നാളെ യങ്ങുപോയെൻ കൂട്ടരോടുമീ-
ന്യായസത്യം വിളംബരം ചെയ്തിടും
നീളുമിജ്ജന്മ മീവിധം പട്ടിണി-
ക്കോളിലിട്ടു കരിക്കുകയില്ല ഞാൻ.

എല്ലുപോലും മുറിഞ്ഞു ദാരിദ്ര്യമാം
മുള്ളിൽനിന്നു പണിചെയ്തെടുത്തിടും
വല്ലതുംകൊണ്ടു രക്ഷകരെന്നിലീ-
യല്ലൽ ചേർക്കുന്നി,തെന്തു വിദ്യാർജ്ജനം ?

ഇപ്പരിഷ്കാരവിദ്യ പഠിക്കുവാ-
നിച്ഛയില്ലിതു പററില്ലെനിക്കിനി !

# അന്തരീക്ഷവിജയം.

ബി. പത്മനാഭപിള്ള ബി. എ.

ശാന്തസമുദ്രത്തിൽ അനേകം ദ്വീപുകൾ കാണുന്നുണ്ടു്. ഇവ അതിസൂക്ഷ്മമായ പ്രവാളകീടങ്ങളുടെ പഞ്ജരങ്ങളാൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണു്. അനേകായിരം വർഷങ്ങളായി നിസ്സാരകീടങ്ങൾ അവയുടെ ദേഹംകൊണ്ടാണു് ഈ ദ്വീപുകളുടെ നിർമ്മാണം നിർവ്വഹിച്ചിട്ടുള്ളതു്.

ഇക്കാലത്തു് വിജ്ഞാനംകൊണ്ടുണ്ടായിട്ടുള്ള അപൂർവ്വനേട്ടങ്ങൾ അനേകം ആളുകളുടെ ചെറിയ ചെറിയ ശ്രമങ്ങളുടെ ഫലമാണു്. പണ്ടു് മനുഷ്യൻ തീരെ നിസ്സഹായനായിരുന്നു. ഇന്നു് ബുദ്ധി, ശ്രമം, സഹിഷ്ണുത ഇവയുടെ പ്രാബല്യത്താൽ ലോകത്തിൽ വിജയിയായി തീർന്നിരിക്കുന്നു. എത്ര കഷ്ടനഷ്ടങ്ങളും പരിശ്രമങ്ങളും കഴിഞ്ഞാണു് മനുഷ്യൻ ആധുനികനിലയിൽ എത്തിയിരിക്കുന്നതു് എന്നുള്ളതു് നമുക്കു് വിചാരിക്കാൻ പോലും സാദ്ധ്യമല്ല. തീ കത്തിക്കുന്നതിനു് ആദ്യം പഠിപ്പിച്ചതാരാണു്? ധാതുക്കളുടെ ഉപയോഗത്തെപ്പററി ആദ്യം മനസ്സിലാക്കിയതു് ആരു്? ലേഖനരീതി ആദ്യമായി സൃഷ്ടിച്ചതാരു്? ഇതൊന്നും നമുക്കറിവില്ല. ഒരു നൂതനസൃഷ്ടി നടപ്പിൽ വരുത്താൻ ശ്രമിച്ചവർ അനുനിമിഷം അനേകം വൈഷമ്യങ്ങൾ തരണം ചെയ്തിട്ടുണ്ടെന്നുമാത്രം നമുക്കറിയാം. അനേകം ആപൽഘട്ടങ്ങളേയും അവർ പലപ്പോഴും അഭിമുഖീകരിച്ചിട്ടുണ്ടു്. പലപ്പോഴും അവരുടെ പരിശ്രമങ്ങൾ സഫലമായിക്കാണുന്നതിനു് അവർക്കു സാധിച്ചിട്ടില്ല. ഇവരുടെ പരിശ്രമങ്ങൾ തീരെ നിഷ്ഫലമാണെന്നു് സ്ഥൂലദൃഷ്ടിക്കു തോന്നാം. എന്നാൽ ശ്രമങ്ങൾ ഒന്നും തന്നെ വിഫലമായി ഭവിച്ചിട്ടില്ല. നിസ്സാരമായിത്തോന്നുന്ന ഇന്നത്തെ പ്രവൃത്തി നാളെ ഫലവത്തായി പരിണമിക്കുന്നു. പ്രവാളദ്വീപങ്ങൾ ക്രമേണ വർദ്ധിച്ചു് വരുന്നതുപോലെ വിജ്ഞാനസാമ്രാജ്യവും ക്രമേണ അഭിവൃദ്ധമാകുന്നു. ഒന്നുരണ്ടുദാഹരണങ്ങൾ പ്രസ്താവിക്കാം.

ഒരു ശതാബ്ദത്തിനു മുമ്പു് ഇററലിയിൽ 'ഗാൽവനി' എന്ന ഒരു ഗവേഷകൻ ഉണ്ടായിരുന്നു. ഗവേഷണവേള

---

ഓർമ്മയില്ലാതെ പോയിഞാൻ മൂഢനായ്
കർമ്മഭൂമിതൻ സന്താനമല്ലി! ഞാൻ?

'ആശയുണ്ടെനിക്കമ്മേ പഠിക്കുവാ-
നാര്യരാകുമാചാര്യർ തന്നുദ്യമം.'

യിൽ ഒരിക്കൽ ഇരുമ്പുകമ്പിയും ചെമ്പു കമ്പിയും കൊണ്ടു് ഒരു ജീവനില്ലാത്ത തവളയെ സ്പർശിച്ചപ്പോൾ അതു് അനങ്ങുന്നതായി കണ്ടു. ഇതിൻെറ രഹസ്യത്തെപ്പററിയുള്ള അന്വേഷണം അനേകവർഷം നീണ്ടുനിന്നു. നിസ്സാരമായ ഈ കാര്യത്തിനുവേണ്ടി അനേകകാലം ദ്രവ്യം ചെയ്യുന്നതുകണ്ടു് ജനങ്ങൾ അദ്ദേഹത്തെ പരിഹസിച്ചു. 'തവളയെ നൃത്തം അഭ്യസിപ്പിക്കുന്ന ആൾ' എന്നു പലരും ഹാസ്യമായി അദ്ദേഹത്തെ വിളിച്ചുവന്നു. "ചത്ത തവള അനങ്ങുന്നതുകൊണ്ടു് അങ്ങേയ്ക്കു് എന്താണു പ്രയോജനം?" എന്നു പല സ്നേഹിതന്മാർ അദ്ദേഹത്തോടു ചോദിച്ചു. അതിനു മറുപടി "എന്തുപ്രയോജനം?" എന്നുമാത്രം ഉച്ചരിച്ചു. അതിനിസ്സാരമെന്നു തോന്നിയ ഈ പ്രവൃത്തിയെ അവലംബിച്ചു വിദ്യുച്ഛക്തിയുടെ വിവിധഗുണങ്ങളെ ഗ്രഹിക്കാൻ നൂതനമായ പല ആവിഷ്കരണങ്ങൾ ആവിർഭവിച്ചു. ഒരു നൂററാണ്ടുകൊണ്ടു് വിദ്യുച്ഛക്തിയുടെ പ്രവർത്തനംമൂലം ലോകചരിത്രം മാറി. റോഡുകളും കടവുകളും പ്രകാശമാനമാകുന്നു. വണ്ടികൾ ഓടുന്നു. ഒരു നിമിഷംകൊണ്ടു ഭൂമിയുടെ ഒരുവശത്തുനിന്നു മറുവശത്തു വാർത്തയറിയുന്നു. പൃഥിവി മുഴുവനും നമ്മുടെ ഗൃഹത്തിൻെറ ഒരു കോണിലിരിക്കുന്നതുപോലെയാണു് നമ്മുടെ അനുഭവം. ദൂരം ഒരു പ്രതിബന്ധമല്ല. നമ്മുടെ സ്വരം വീട്ടിൽ ഒരു ഭാഗത്തുനിന്നും മറെറാരുഭാഗത്തു് എത്തുന്നില്ല. എന്നാൽ വിദ്യുദ്ബലത്താൽ അനേകായിരം മൈൽ ദൂരത്തുള്ള സ്നേഹിതന്മാരോടു നമുക്കു് ഇന്നു സംസാരിക്കാം. ദൂരദേശത്തുള്ള സംഭവങ്ങൾ കാണാനും സുസാധമാണെന്നു വന്നു കൂടിയിട്ടുണ്ടു്.

മനുഷ്യനു് ഭൂമിയിലും സമുദ്രത്തിലും ആധിപത്യം സ്ഥാപിക്കാൻ വലിയ ശ്രമം വേണ്ടിവന്നില്ല. എന്നാൽ ആകാശത്തിൽ വിജയിക്കാൻ വളരെ ശ്രമിച്ചിട്ടും സുസാധമായില്ല. ബലൂണിൽ മുകളിൽ പറക്കാം. എന്നാൽ കാററിൻെറ പ്രാതികൂല്യത്തിൽ ബലൂൺ സഞ്ചരിക്കയില്ല. ബലൂണിനു് മറെറാരു അസൗകര്യവും ഉണ്ടു്. അല്പസമയം കൊണ്ടു ഗ്യാസു പുറത്തുപോകുന്നതിനാൽ അതു വളരെനേരം അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്നില്ല. പട്ടുകൊണ്ടുള്ള ആവരണമാണു് അതിലുള്ളതു്. സോയാജ്ജ് എന്നൊരു ജർമ്മൻ അല്യൂമിനീയംകൊണ്ടു് ഒരു ബലൂൺ തയ്യാറാക്കി. അല്യൂമിനിയം കടലാസ്സുപോലെ ലഘുവാണു്. എങ്കിലും അതിനെഭേദിച്ചു് കാററുപുറത്തുപോകുകയില്ല. ബലൂൺ ധാതുനിർമ്മിതമാകുമെന്നു ആരും വിശ്വസിച്ചിരുന്നില്ല. സോയാജ്ജ് തൻെറ സർവസമ്പത്തും വ്യയം ചെയ്തു പരീക്ഷണങ്ങൾ നടത്തി. നിഷ്ഫലമായി അനേകവർഷങ്ങൾ പ്രവർത്തിച്ചു. ഒടുവിൽ ഒരു ബലൂൺ തയ്യാറാക്കി. വായുവിൻെറ പ്രാതികൂല്യത്തിലും ഇച്ഛാനുസരണം പുരോഗമിക്കത്തക്കവണ്ണം ഒരു ചെറിയ എൻജിനും ഉണ്ടാക്കി. കപ്പലിൽ വെള്ളത്തിനു താഴെ ഒരു സ്ക്രൂവുണ്ടു്. അതു കറങ്ങുമ്പോൾ ജലത്തെ ഭേദിച്ചു കപ്പൽ മുന്നോട്ടു നീങ്ങുന്നു. അതുപോലെ വായുവിനെ ഭേദിച്ചു മുന്നോട്ടു ഗമിക്കാൻ ഒരു വലിയ സ്ക്രൂവും നിർമ്മിച്ചു.

ബലൂൺ നിർമ്മിതി കഴിഞ്ഞു് അതിൻെറ പരിണാമഫലം ആസ്വാദിക്കുന്നതിനു മുമ്പു് അദ്ദേഹം പരലോകപ്രാപ്തനായി. സോയാജ്ജിൻെറ സഹധർമ്മിണി തൻെറ ഭർത്താവിൻെറ ജീവിതവിജയം ആസ്വാദിക്കാനുള്ള ആകാംക്ഷയോടുകൂടി ബലൂണിനെ പരീക്ഷിക്കാനായി ഗവർണ്മെൻറിനോടപേക്ഷിച്ചു. യുദ്ധത്തിൽ വ്യോമയാനം ഉപയോഗിക്കുന്നതിനുള്ള വ്യഗ്രത ഗവർണ്മെൻറിനുണ്ടായിരുന്നു. എന്നാൽ സോയാജ്ജിൻെറ ബലൂൺ പറക്കുമെന്നു വിശ്വസിച്ചില്ല. വിധവയുടെ അപേക്ഷ ഗവർണ്മെൻറു ദയവായി സ്വീകരിച്ചു. ബലൂൺ പരിശോധിക്കാൻ യുദ്ധവിഭാഗത്തിലെ ചില പ്രമുഖന്മാരെ നിയോഗിച്ചു. നിശ്ചിഷ്ടദിവസം ബലൂൺ സന്ദർശിക്കുന്നതിന് ജനങ്ങൾ തിങ്ങിക്കൂടി. ബലൂൺ വളരെ വിപുലവും ധാതുനിർമ്മിതവും ആയതുകൊണ്ട് പട്ടുകൊണ്ടു പൊതിഞ്ഞ ബലൂണിനെക്കാൾ ഭാരമേറിയതാണെന്നു് പരീക്ഷകന്മാർ കണ്ടു. അതിൽ തൊട്ടുത്തിയിരിക്കുന്ന യന്ത്രങ്ങൾ ആകാശഗമനത്തിനു വിഘാതങ്ങളാണെന്നു് അവർക്കു തോന്നി. ഈ അത്ഭുതയന്ത്രം തറവിട്ടുയരുകയില്ലെങ്കിലും വിധവയുടെ ആഗ്രഹസിദ്ധി ഒന്നു പരീക്ഷിക്കാം എന്നു മാത്രം കരുതി അവർ ബലൂണിനോടു ഘടിപ്പിച്ചിട്ടുള്ള ചെറിയ യന്ത്രങ്ങളെ മാററി. രണ്ടോ നാലോ അടി ഒരു പക്ഷേ ഉയരുമായിരിക്കാം. കഷ്ടം ! അവരെ പറഞ്ഞു മനസ്സിലാക്കാൻ ആളില്ല. അവരുടെ അക്രമം കൊണ്ടു നശിപ്പിച്ച യന്ത്രങ്ങൾ സൃഷ്ടിക്കാൻ അനേകവർഷങ്ങൾ വേണ്ടിവന്നു. ഈ യന്ത്രംകൊണ്ടു് ബലൂണിനെ ഇടത്തും വലത്തും മുകളിലും താഴെയും നയിക്കാൻ സാധിക്കുമായിരുന്നു. ബലൂണിനെ ചലിപ്പിക്കാനുള്ള ശ്രമമായി. അതിൽ യന്ത്രങ്ങളുടെ പ്രയോഗം അറിഞ്ഞവരില്ല. ഏതായാലും സന്ദർശകന്മാരിൽ ഒരു് എൻജിനീയർ കാര്യം നിർവ്വഹിക്കാമെന്നു് ഏററു. സോയാജ്ജിൻെറ പത്നി ബലൂൺ ഉയരുന്നതു കാണാൻ ജിജ്ഞാസയോടുകൂടി നിമിഷങ്ങൾ എണ്ണിയെണ്ണികഴിയുകയായിരുന്നു. എൻജിനീയർ വളരെ ശ്രമപ്പെട്ടു് യന്ത്രം നടത്തി. എന്തൊരതിശയം ! ബലൂൺ ഭൂമിവിട്ടു അതിവേഗത്തിൽ മുകളിലോട്ടുയർന്നു. പ്രതികൂലമായ കാററുണ്ടായിരുന്നെങ്കിലും അതിനെ ഭേദിച്ചു ബലൂൺ പാഞ്ഞു. സോയാജ്ജിൻെറ ശ്രമം സഫലമായി. മിസ്സിസ്സ് സോയാജ്ജ് ആനന്ദാശ്രുക്കൾ വർഷിച്ചു. അനാവശ്യമെന്നു മാററിവച്ച യന്ത്രത്തിൻെറ ആവശ്യം അല്പസമയം കഴിഞ്ഞു മനസ്സിലായി. ആകാശത്തിൽ പറന്ന ബലൂൺ അവിടെ നിറുത്താനോ നിയന്ത്രിക്കാനോ സാധിക്കാത്തതിനാൽ അല്പസമയത്തിനുള്ളിൽ നിലം പതിച്ചു നാമാവശേഷമായി. സോയാജ്ജ് എന്തുദ്ദേശത്തിലാണോ ബലൂൺ നിർമ്മിച്ചതു് അതു സഫലമായി എന്നു എല്ലാവർക്കും മനസ്സിലായി. അന്നുമുതൽ പ്രയത്നം ആരംഭിച്ചു പത്തുവർഷത്തിനുള്ളിൽ പ്രയത്നം സഫലമായി. 'സെപ്പലിൻ' നിർമ്മിച്ച വ്യോമയാനം യുദ്ധത്തിൽ ഭീഷണാസ്ത്രമായിത്തീർന്നു. യുദ്ധാനന്തരം ഈ വ്യോമയാനം അററ്ലാൻറിക് മഹാസമുദ്രത്തെ അനായാസേന കടന്നു. അന്നു

മുതൽ യൂറോപ്പ് അമേരിക്കയ്ക്കു് വിദൂരമല്ലെന്നു മനസ്സിലായി.

വ്യോമയാനത്തെ ഗ്യാസു നിറച്ചാണ് ലഘുവാക്കുന്നതു്. തന്മൂലം ഇതിൻെറ ആകാരം വളരെ വിപുലവും അതിൻെറ നിർമ്മിതി ശ്രമസാദ്ധ്യവുമായിത്തീന്നു. പക്ഷികൾ നിഷ്പ്രയാസം പറക്കുന്നു. മനുഷ്യനും പക്ഷിയെപോലെ പറക്കരുതോ? വലിയ പക്ഷികൾ രണ്ടു നാലു പ്രാവശ്യം ചിറകനക്കിയാണ് ആകാശത്തിലേക്കു് ഉയരുന്നതു്. അനന്തരം ചിറകു വിടുർത്തി ചക്രാകാരത്തിൽ ചുററിക്കറങ്ങി അന്തരീക്ഷത്തിൽ അദൃശ്യമാകുന്നു.

പക്ഷികളെപ്പോലെ പറക്കാൻ ഉള്ള ആഗ്രഹത്താൽ 'ലിലായിന്താൾ' അതിനെപ്പററി ആലോചിച്ചു. പരീക്ഷണം തുടങ്ങി. അതു സാധിക്കാൻ വളരെനാൾ വേണ്ടിവരുമെന്നു അദ്ദേഹം അറിഞ്ഞിരുന്നു. ശിശുക്കൾ അല്പാല്പമായി നടക്കാൻ ശ്രമിക്കുന്നതുപോലെ താനും പറക്കാൻ ശ്രമിക്കുമെന്നുറച്ചു. എന്നാൽ ശിശുക്കൾക്കു് വീണാൽ ഉടൻ എഴുനേൽക്കാം. ആകാശത്തുനിന്നു വീണാലോ, എഴുനേൽക്ക സാദ്ധ്യമല്ല. മരണം നിശ്ചയം. ഇതു മനസ്സിലാക്കിയിട്ടും അദ്ദേഹം പരീക്ഷണത്തിൽ നിന്നും പിന്മാറിയില്ല. പല തരത്തിലുള്ള ചിറകുകൾ ഉണ്ടാക്കി അവയെ ബാഹുക്കളിൽ ഘടിപ്പിച്ചു് ഒരു പർവ്വതത്തിൻെറ മുകളിൽ നിന്നു താഴോട്ടു ചാടി. ചിറകുകളെ ആശ്രയിച്ചു സാവധാനം ഇറങ്ങി. രണ്ടു ചിറകുകൾക്കുപകരം കൂടുതൽ ചിറകുകൾ ഉപയോഗിച്ചാൽ പറക്കാൻ കൂടുതൽ സൗകര്യമുണ്ടെന്നു തോന്നി. പരിശോധനയിൽ ഇതു പരമാർത്ഥമെന്നുകണ്ടു. വീണ്ടും മുപ്പതുവഷം പരിശ്രമിച്ചു. ജീവിതത്തിൻെറ ഭൂരിഭാഗവും കഴിച്ചുകൂട്ടി. ഇനി ജോലി പൂർത്തിയാക്കാൻ കാലമില്ലെന്നുകണ്ടു് കൂടുതൽ ഉത്സുകനായി യന്ത്രം ധൃതഗതിയിൽ നിർമ്മിച്ചു. പക്ഷേ അതിൻെറ ഘടന അത്ര ദൃഢമായില്ല. പറക്കാനുള്ള ആസക്തിയായി. ഇപ്രാവശ്യം യന്ത്രം കാററിനെ ഭേദിച്ചു അതിവേഗത്തിൽ മുന്നോട്ടു പാഞ്ഞു. ദുർഭാഗ്യവശാൽ ഒരു കൊടുങ്കാറേററു് അതിൻെറ ചിറകൊന്നുപൊട്ടി. യന്ത്രം താഴെ വീണു അദ്ദേഹം മൃതിയടഞ്ഞു. അദ്ദേഹം പരീക്ഷിച്ചു ആവിഷ്കരിച്ച നൂതനതത്വങ്ങൾ ഇന്നു ലോകത്തിനു സ്വത്തായിത്തീന്നു. അവയുടെ സഹായത്താൽ അനന്തരകാലത്തു് വിവിധരൂപത്തിലുള്ള വിമാനങ്ങൾ നിർമ്മിതമായി. അമേരിക്കയിലെ പ്രൊഫസർ ലാംഗലി ചിറകു ചേർത്തു പറക്കാനുള്ള യന്ത്രം നിർമ്മിച്ചു. വളരെ ലഘുവായ എൻജിൽ അതോടു ഘടിപ്പിച്ചു. പരീക്ഷണദിവസം അനേകം ആളുകൾ വന്നുകൂടി. യന്ത്രം ഘടിപ്പിച്ച അവസരത്തിൽ ഒരു സ്ക്രൂ അയഞ്ഞിരുന്നതറിഞ്ഞില്ല. യന്ത്രം ആകാശത്തേയ്ക്കുയന്നു് ചക്രാകാരത്തിൽ ചുററിക്കറങ്ങി. തൽസമയം അയഞ്ഞിരുന്ന സ്ക്രൂ ഊരിത്തെറിക്കുകയും യന്ത്രം നദീഗർഭത്തിൽ പതിക്കുകയും ചെയ്തു. ഈ വിഫലത കൊണ്ടുണ്ടായ ദുഃഖത്താൽ ഭഗ്നാശയനായി ലാംഗ്ലി ആധി പിടിപെട്ടു മരിച്ചു.

ഭീരുക്കൾ മാത്രമേ ശ്രമങ്ങൾ വ്യർത്ഥമാകുമെന്നും മരണം സംഭവിക്കുമെന്നും

PR
SRI M. K. VA... NAIR
M... ...U
MALAYI...IL
M.949

# നിശാന്തചിന്ത.

എൻ. കൃഷ്ണപിള്ള ബി. ഏ (ആണേഴ്സ്)

അതാ ഒരു കരാളരൂപം! സംഹാരരുദ്രതയുടെ പ്രചണ്ഡതാണ്ഡവക്ഷേത്രമായ ആ ബീഭത്സരൂപത്തെ കണ്ണിമയ്ക്കാതെ നോക്കാൻ ഇന്നുവരെ മനുഷ്യനു കഴിഞ്ഞിട്ടില്ല. മാനവസംസ്കാരത്തെ അവജ്ഞാപുരസ്സരം തുറിച്ചുനോക്കുന്ന കണ്ണുകൾ, വ്യക്തിമാഹാത്മ്യത്തെ ചവച്ചിറക്കാൻ തരിച്ചുകൊണ്ടിരിക്കുന്ന ക്രൂരദംഷ്ട്രകൾ, മനുഷ്യാർജ്ജിതമായ വിജ്ഞാന പാരാവാരത്തെ പുല്ലുപോലെ കരുതിയാക്കുന്ന വികൃതാട്ടഹാസം! പർവ്വതസമാനമായ ദുരാചാരസഹസ്രങ്ങളെപ്പോലും വിദഗ്ദ്ധമായി ഒളിച്ചുവച്ചിരിക്കുന്ന പരുഷകേശപാശം! ആ ഭയങ്കരസത്വം എന്നെ സമീപിക്കുന്നു. ആയസ ബലിഷ്ഠങ്ങളായ കരപരിഘങ്ങൾ അതാ നീളുന്നു. ലോകത്തെ കിടുകിടെ വിറപ്പിക്കുന്ന കഠോരഗർജ്ജനം അതാ വീണ്ടും ! ആ ഗർജ്ജനത്തിന്റെ പ്രതിദ്ധ്വനികളുള്ളിൽ എന്റെ വ്യക്തിത്വം വിലയം ഗമിക്കും. ആ രോമപടലിയിൽ ഒരെണ്ണംമതി എന്റെ മനുഷ്യത്വത്തെ ഊഞ്ഞാലാടിക്കാൻ ! ആ പാദാഘാതം കൊണ്ട് സമുദ്ധൂതമാകുന്ന രജോരാജിമാത്രം മതി മോഹനോജ്ജ്വലമായ ലോകജീവിതത്തിൽ നിന്നും നൂറായിരം സംവത്സരങ്ങളിലേക്ക് എന്നെ അകററി നിർത്താൻ.

ഞാൻ വിറച്ചു. വിയർത്തു. വിളർത്തു. കണ്ണടച്ചു. വീണ്ടും തുറക്കാൻ ധൈര്യമുണ്ടായില്ല. ചിന്താശക്തി അസ്തമിച്ചു. "ജനിക്കാതിരുന്നെങ്കിൽ" എന്നൊരു ഞരങ്ങൽ, പ്രപഞ്ചസംഗീതത്തിൽ അപസ്വരം കലർത്തിക്കൊണ്ടു പുറത്തുവന്നു. ഉടൻ ഒരു ശരീരസ്പർശനം എനിക്കനുഭവപ്പെട്ടു. ഞാനറിയാതെ കണ്ണുതുറന്നുപോയി. ഹാ! ആ വികൃതബീഭത്സ വിഗ്രഹത്തിന്റെ മാരകമായ പരിരംഭണസംരംഭം ! അതോടെ അണ്ഡകടാഹം പൊടിപെട്ടുമാറു് ഒരു കട്ടരവപടലി! "ഞാൻ വിശപ്പാണ്. ഞാൻ മനുഷ്യശത്രു. ഞാൻ സൗഭാഗ്യഭഞ്ജകൻ".

---

ഭയപ്പെട്ടു പിന്മാറുകയുള്ളൂ. വീരന്മാർ നിർഭയം മൃത്യുവിനെ അഭിമുഖീകരിക്കും. ലാംഗലിയുടെ മരണാനന്തരം അദ്ദേഹത്തിന്റെ ദേശവാസിയായ 'വിൽവർ റൈററ്' പറക്കാനുള്ള യന്ത്രം നിർമ്മിച്ച് പലതവണ വിജയകരമായി പറന്നു. ഒരിക്കൽ യന്ത്രം നിന്നുപോകയും താഴെ വീണു റൈററിന്റെ ഒരു കാലു മുറിഞ്ഞുപോകയും ചെയ്തു. ഇതു കൊണ്ടും ഭീതനാകാതെ പരീക്ഷണങ്ങൾ തുടർന്നു നടത്തുകയും തൽഫലമായി മനുഷ്യൻ ഗഗനവിഹാരിയായി നീലാകാശത്തിൽ തന്റെ സാമ്രാജ്യം സ്ഥാപിക്കാൻ സമർത്ഥനായിത്തീരുകയും ചെയ്തു.

ആ സ്വപ്നം വളരെ നേരത്തേക്കു നീട്ടി എന്നെ ഉപദ്രവിക്കാൻ കരുണാമൂൎത്തിയായ ഈശ്വരൻ തുനിഞ്ഞില്ല. ഞാൻ ഉണൎന്നു. പക്ഷേ ഉണൎന്നു എന്നെനിക്കു തോന്നിയില്ല. ആ സ്വപ്നം സ്വപ്നാവസരത്തിലേക്കാളും ഉഗ്രമായി എന്റെ ഉള്ളിൽ തറച്ചു. അതിനു ജീവനുണ്ടാകാൻ തുടങ്ങി. ചലിക്കാൻതുടങ്ങി. പ്രവൎത്തിക്കാൻ തുടങ്ങി. "ഞാൻ വിശപ്പാണു് ഞാൻ മനുഷ്യശത്രു. ഞാൻ സൗഭാഗ്യഭഞ്ജകൻ" ആ ഇടിമുഴക്കം പതിന്മടങ്ങുച്ചത്തിൽ മുഴങ്ങിക്കേട്ടു. ഭയചകിതനായ ഞാൻ വിളക്കു കത്തിച്ചു. എന്നാൽ ആ ഭയാനക ദുൎഭൂതത്തിന്റെ കാളിമ ഏറിയേറിവരുന്നതായും എന്റെ പൊട്ടച്ചിമ്മിനിയുടെ കുരുട്ടുവെളിച്ചത്തെ വിഴുങ്ങുന്നതായും എനിക്കു തോന്നി. പ്രബലമായ ഒരസ്വസ്ഥത എന്നെ വലയംചെയ്തു. പ്രശ്നപരമ്പരകൾ അഹമഹമികയാ ആൎത്തിരച്ചു തള്ളിക്കയറി. ഉണങ്ങിവരണ്ട മനുഷ്യബുദ്ധി അവയുടെ മുമ്പിൽ നൂറുവട്ടം നമസ്കരിച്ചു.

വിശപ്പ്! ആ മൂന്നക്ഷരം! അതിനുള്ളിൽ നരകവും ചെയിത്താനും വൈകൃതവും വിക്ഷോഭവും അപസ്വരവും അക്രമവും നിറഞ്ഞിരിക്കുകയാണു്. കുസുമകോമളവും താരകാസമുജ്ജ്വലവും ആയ അസംഖ്യം ആത്മാക്കൾ ആ മഹാഗ്നികുണ്ഡത്തിൽ വെന്തുരുകുന്നു. അനങ്ങാൻ കഴിയാത്ത നാക്കുകൾ, ചലിക്കാൻ കഴിയാത്ത കാലുകൾ, അടഞ്ഞുപോകുന്ന കണ്ണുകൾ, കേൾക്കാൻ കഴിയാത്ത കാതുകൾ, പ്രവൎത്തിക്കാൻ കൊള്ളരുതാത്ത ബുദ്ധി, മരവിച്ച ഹൃദയം, ആറിത്തണുത്ത ചോര, ഇവയെല്ലാക്കൂടെ വിശപ്പെന്നാണു് പേരു്. എന്റെ സംസ്കാരത്തേയും വിജ്ഞാനത്തേയും ആനന്ദത്തേയും ശാന്തിയേയും കരളാൻ തക്ക ശക്തി ആ ദുഷ്ടകീടത്തിന്റെ നിസൎഗ്ഗസ്വഭാവമാണു്. ആ പിശാചവേഷത്തിന്റെ സാമീപ്യത്തിൽ "ജനിക്കാതിരുന്നെങ്കിൽ" എന്നു ഞാൻ നിലവിളിച്ചുപോകും. അനന്തസൗന്ദൎയ്യം തുളുമ്പുന്ന പ്രകൃതിദേവിയുടെ വിലാസലാസ്യങ്ങൾ എന്നെ കൂടുതൽ മരവിപ്പിക്കുകയേ ഉള്ളൂ. പൂവും തളിരും വെയിലും നിലാവും കിളിയും കിളിക്കൊഞ്ചലും കടലും കടലിരമ്പലും വികൃതസൃഷ്ടികളായി ഞാൻ കരുതിപ്പോകും. ഭാരതചക്രവൎത്തിയായിരുന്ന ഷാജഹാന്റെ ഒരു തുള്ളി കണ്ണുനീരിൽ നിന്നു പൊട്ടിപ്പുറപ്പെട്ട ആ ശില്പകലാസ്മാരകത്തെ നിൎവികാരനായിപ്പോലും നോക്കിനിൽക്കാൻ ഞാൻ ശക്തനാവുകയില്ല. പുണ്യപൂരപ്രവാഹത്തിൽ മുങ്ങിക്കുളിച്ച വൃന്ദാവനത്തെ പുളകഭൂഷിതമാക്കിയ മുരളീകളഗാനം എന്റെ പൊട്ടച്ചെവികളിൽ പെടുകയില്ല. വിശ്വവിമോഹിനിയായ ക്ലിയോപാററ്റായെ ഒരു നിൎജ്ജീവവസ്തുവായിട്ടായിരിക്കും എന്റെ മങ്ങിയ കണ്ണുകൾ കാണുക. മനുഷ്യബുദ്ധിക്കു പറന്നെത്താൻ കഴിയുന്ന വിശാലമണ്ഡലത്തിന്റെ പരമസീമകൾ കണ്ടുപിടിച്ച ശങ്കരാചാൎയ്യന്റെ മസ്തിഷ്കത്തേയും മനുഷ്യരാശിയേ മുഴുവൻ വശീകരിക്കാൻ കഴിഞ്ഞ ബുദ്ധന്റെ രമണീയാൎദ്രമായ ഹൃദയത്തേയും ഞാൻ അഭിനന്ദിക്കാൻ സങ്കല്പിക്കുപോലുമില്ല. ലോകോൽപത്തിതൊട്ടിന്നുവരെ വെളിപ്പെട്ടിട്ടുള്ള വിജ്ഞാനനിക്ഷേപങ്ങളിൽ ഒന്നു നോക്കിക്കളയുന്നതിനു് എനിക്കെങ്ങനെ താൽപൎയ്യമുണ്ടാകും? രമണീയവസ്തുക്കൾ ദൎശിക്കുമ്പോഴും മധുരസ്വരങ്ങൾ കേൾക്കുമ്പോഴും പൎയ്യുത്സുകനായിത്തീരുംപോലും

മനുഷ്യൻ! അപ്പോളവൻ ജന്മാന്തരസൗഹൃദങ്ങളേപ്പററി സ്മരിക്കുംപോലും! ശുദ്ധമേ വിഡ്ഢിത്തം! പൊളി! ഈ ജീവിതത്തിൽ കാണാത്ത സൗഹൃദം വേറൊരു ജീവിതത്തിൽ കണ്ടുപിടിക്കാനൊ? നന്നായി. അല്ലെങ്കിൽ എന്തിന്? ഈ ജീവിതത്തിനു തന്നെ വല്ല അർത്ഥവുമുണ്ടോ? വല്ല ഉദ്ദേശവുമുണ്ടോ? ഉണ്ടെങ്കിലൊന്നു പറഞ്ഞുതരു! അനാദ്യന്തമായ പരാശക്തിയേ സാക്ഷാൽക്കരിക്കാനാണ ജീവിതമെന്ന് ചിലർ പ്രസംഗിച്ചേക്കാം. വയ്ക്കോൽ തുരുമ്പിൽക്കൂടിയും നിറഞ്ഞു വിളങ്ങുന്ന ദിവ്യചൈതന്യത്തെ ദശിക്കാനാണെന്നൊരു കൂട്ടരും അനവദ്യമായ പ്രകൃതിസൗന്ദര്യം ആസ്വദിക്കാനാണെന്ന് വേറൊരു കൂട്ടരും ചെകിടുപൊടിയുമാറ് ഉദ്ഘോഷിക്കുമായിരിക്കും. അർത്ഥശൂന്യമായ ശബ്ദകോലാഹലം! ഞാൻ ഒരു ശബ്ദമേ കേൾക്കുന്നുള്ളു. ഒരനുഭൂതിയേ എനിക്കുണ്ടാകുന്നുള്ളു. ഒരു കാഴ്ചയേ ഞാൻ കാണുന്നുള്ളു. അഗ്നിപവ്വതത്തിൻെറ ഗജ്ജനംപോലെ ഉയന്നു പൊങ്ങുന്ന എൻെറ ഹൃദയത്തിൻെറ ഞരക്കവും ഉരുകിത്തിളയ്ക്കുന്ന എണ്ണക്കിടാരത്തിൽ മുങ്ങിമറിയുമ്പോൾ ഉണ്ടാകുന്ന ശാരീരിക സുഖവും പൊടിഞ്ഞുതകന്നു കൊണ്ടിരിക്കുന്ന കുറേ എല്ലിൻ നുറുക്കുകളും ആണു ഞാൻ കേൾക്കുന്നതും അനുഭവിക്കുന്നതും കാണുന്നതും. ജീവിതസംഭവങ്ങൾ കമ്മഫലങ്ങളാണെന്ന് കള്ളം പറഞ്ഞു പരത്തുന്നവരോട് ഒന്നു ചോദിച്ചുകൊള്ളട്ടെ. ഞാനാരേയും ഹിംസിച്ചിട്ടില്ല. ഒരാളിനേയും കുററപ്പെടുത്തിയിട്ടില്ല. അന്യൻെറ വക മോഷ്ടിച്ചിട്ടില്ല. പരപീഡാകരമായ ഒരു പ്രവൃത്തിപോലും എന്നിൽ നിന്നുണ്ടായിട്ടില്ല. ലോകക്ഷേമം ആശംസിക്കാൻ ആത്മാത്ഥതയുള്ളവരുടെ മുന്നണിയിലാണു ഞാനെന്ന് അഭിമാനപൂർവ്വം ഉറപ്പു തരുന്നു. എന്നിട്ടും ഈ നരകീയാനുഭവങ്ങളാണു ഫലങ്ങളെങ്കിൽ ഞാൻ നിങ്ങളുടെ പൊള്ളത്തരത്തിൽ വിശ്വസിക്കണമോ? സാധുക്കളെ വഞ്ചിക്കാൻ സ്വാത്ഥലോലുപന്മാർ കെട്ടിച്ചമയ്ക്കുന്ന കപടവാദങ്ങളെ വിഴുങ്ങണമെന്നോ ഉപദേശം?

ഇല്ല. ഒരിക്കലും കേൾക്കുകയില്ല. എനിക്കിതാ ഒരു മാർഗ്ഗമുണ്ട്. ഒന്നല്ല, അനവധി മാർഗ്ഗങ്ങൾ. അവ ഓരോ നിമിഷം കഴിയുന്തോറും തെളിഞ്ഞു തെളിഞ്ഞു വരുന്നു. എൻെറ വിശപ്പു തീരും. ഞരക്കം നിൽക്കും. ഉണങ്ങി വരണ്ട കൈകാലുകൾ മാംസളവും ബലിഷ്ഠവുമായിത്തീരും. സവ്വദാ മനോഹരമായ രക്തച്ഛവി എൻെറ മുഖത്തു പ്രസരിക്കും. കൊലപാതകം, ചതി, വഞ്ചന, വ്യഭിചാരം തുടങ്ങി അയത്നലളിതങ്ങളായ സരണികൾ എത്രയോ ലോകത്തുണ്ട്. അടുത്തിരിക്കുന്ന സ്നേഹിതനെ ഞാൻ മോഹനഗാനം പാടി ഉറക്കും. എൻെറ മടിയിൽ തലചാച്ച് ആ വിഡ്ഢി ഉറങ്ങുമ്പോൾ അയാളുടെ കീശയിൽ നിന്നും പണപ്പൊതി ഞാൻ കയ്ക്കലാക്കും. അതിനു ശേഷം പുഞ്ചിരിതൂകിക്കൊണ്ട് എൻെറ കഠാരി ആ പച്ചപ്പരമാത്ഥിയുടെ നെഞ്ചിൽ പിടിവരെ കുത്തിയിറക്കും. ഞാൻ പിന്നീട് വയറുനിറയെ ആഹാരം കഴിക്കും. വളരെ നാളായി ഒരു വററുപോലും കാണാത്ത ആ ശൂന്യഭാണ്ഡം അങ്ങനെ പൂരിതമാകും. ആ സൽക്കമ്മത്തിനു സഹായമായി നിന്ന ആ പാവപ്പെട്ട സ്നേഹിതനോട് ഞാൻ മനസാ നന്ദി പറയും. അയാളുടെ ത്യാഗ

ത്തെ അഭിനന്ദിച്ച് ഞാൻ കണ്ണുനീർ തൂകും. നിങ്ങൾ പറയുമായിരിക്കും ആ കണ്ണുനീർ സ്വാത്ഥകലുഷമാണെന്ന്. എത്ര തവണ വേണമോ പറഞ്ഞുകൊള്ളു. തൊട്ടാൽ ചോര തെറിക്കുന്ന മാംസപേശികളും ഉരുക്കുപോലെ ഉറക്കുള്ള കൈകാലുകളും ഞാൻ സമ്പാദിച്ചു കഴിയുമ്പോഴേക്കും വീണ്ടും പഴയപോലെ വയറുപൊരിഞ്ഞു തുടങ്ങുമായിരിക്കും. സാരമില്ല. അമിതമായ ആഹാരാദിസുഖങ്ങളിൽ വിഹരിച്ച് ജീവിതം മുഴുവൻ ഭൗതികാനന്ദങ്ങളുടെ പരിപൂത്തിക്കാണെന്നു തികച്ചും വിശ്വസിച്ച് കൃത്യബഹുലന്മാരും അനാരോഗ്യവാന്മാരുമായ ഭത്താക്കന്മാരെ സ്വയം ശപിച്ച് അസ്വസ്ഥരായിക്കഴിയുന്ന നാഗരികപ്രഭ്വികളുമായി എനിക്കു വേഴ്ച ആരംഭിക്കാമല്ലോ. എൻെറ സുഭഗ കളേബരം അവക്കപേക്ഷിക്കാൻ കഴിയുന്നതെങ്ങനെ? അവർ എന്നെ വിലവച്ചെടുക്കും. എത്രയോ പണം എൻെറ മുമ്പിൽ കുന്നുകൂടി കുമിഞ്ഞുകൂടും. ഓജസ്സും തേജസ്സും നശിച്ചുകഴിഞ്ഞതിൽപിന്നീടും ആ രഹസ്യബന്ധം സൃഷ്ടമാക്കുമെന്ന ഭയപ്പെട്ടതലോടെ വളരെ നാൾ ജീവിക്കാം. ഇതോടൊത്ത് സമുദായത്തിൻെറ ബഹുമാനമായി, ഭക്ത്യാദരങ്ങളായി. പൊതുക്കാര്യജീവിതമെന്ന ആദായകരമായ മാഗ്ഗം സ്വീകരിക്കാൻ പിന്നെ വൈഷമ്യവുമില്ല. പലരേയും തമ്മിൽ മത്സരിപ്പിച്ചും കാര്യസാദ്ധ്യങ്ങൾക്കെന്നു പറഞ്ഞു പലരിൽനിന്നും പല പ്രതിഫലങ്ങൾ സ്വീകരിച്ചും അങ്ങു പൊടിപൊടിച്ചു ജീവിക്കാൻ എത്ര എളുപ്പം. അതാണ് ബുദ്ധിമാൻെറ അടവ്. കണ്ണീർ പൊഴിക്കാനും ഏങ്ങലടിക്കാനും ഈശ്വരനെ വിളിക്കാനും സമുദായഹൃദയമാകുന്ന പാറപ്പുറത്ത് അരുവിപൊടിക്കുമെന്നു വിശ്വസിക്കാനും തുനിഞ്ഞാൽ നിത്യനരകം! സന്തതസന്താപം!

ഈ പാപമയമായ ചിന്താപദ്ധതിയിൽക്കൂടി സഞ്ചരിക്കാൻ അറയ്ക്കുന്ന കാലുകൾ അസംഖ്യം ഉണ്ടായിരിക്കാം. പക്ഷേ എൻെറ കാലുകൾ അറയ്ക്കുകയില്ല. വിശപ്പെന്ന കൊട്ടുകാററാണ് എന്നെ ആ പൂ വിരിച്ച നടക്കാവിൽക്കൂടി അടിച്ചുപറത്തി മുമ്പോട്ടു കൊണ്ടുപോകുന്നത്. ഞാൻ ഇന്നലെവരെ ഭൂമിയിൽ സ്വഗ്ഗം സൃഷ്ടിക്കാൻ ആശിച്ചവനാണ്. വിവിധവണ്ണങ്ങൾ സങ്കലനം ചെയ്തു ഒരു മഴവില്ലുണ്ടാക്കാൻ യത്നിച്ചവനാണ്. ഇരുളിൽ മുങ്ങിക്കിടക്കുന്ന നിരവധി സത്യങ്ങൾ ആവിഷ്കരിക്കാൻ ജീവിതാപ്പണം ചെയ്തവനാണ്. പ്രപഞ്ചസംഗീതത്തിൽ അലിഞ്ഞു ചേരാൻ എൻെറ ഹൃദയം കുതിച്ചുകൊണ്ടിരുന്നു. ലോകത്തിൻെറ ശാശ്വതക്ഷേമം മാത്രമായിരുന്നു എൻെറ ജീവിതലക്ഷ്യം. പക്ഷേ എനിക്കു വിശക്കാൻ തുടങ്ങി. ഞാൻ അതു സഹിച്ചു. സഹിച്ചുകൊണ്ടും പ്രവത്തിച്ചു. ഉയരാൻ തുടങ്ങിയ ഞരക്കത്തെ പൊത്തിപ്പിടിച്ചു. വീഴാൻതുടങ്ങിയ ശരീരത്തെ തന്നത്താനെ താങ്ങിനിറുത്തി. വാടിക്കുഴഞ്ഞ ശിരസ്സിനെ ഉയത്തിവച്ചു. എന്നാൽ അയ്യോ! കലശലായ വിശപ്പ്. ഞരമ്പുകൾതോറും കുത്തിവേദനിപ്പിക്കുന്ന വിശപ്പ്! എനിക്കു സഹിച്ചില്ല. ഞാനറിയാതെ നിലവിളിച്ചുപോയി! ദീഘശ്വാസങ്ങൾ നൈരാ

# ഉദയം.

(എം. പി. അപ്പൻ, എം. എ; എൽ. ടി)

വിഭ്രുതിവീചികൾ പരന്നുമിന്നുമാ-
റത്ഭുതപൂൎവ്വമായ് വരും പ്രഭാതമേ,
യുഗങ്ങളെത്രകാത്തിരുന്നു ഹന്ത! യി-
ജ്ജഗത്തു നിന്നുടെ സുഷമ കാണുവാൻ!
സ്വജീവിതാനന്ദ സുധ നുകരാത്തോ-
രജയ്യ വീൎയ്യരാം പുരുഷസിംഹങ്ങൾ
ഹൃദന്തരക്തമാണഹോ! സമൎപ്പിച്ച-
തുദയമോ നിനക്കൊളി വളൎത്തുവാൻ.
എവൻെറ കണ്ഠവുമരിഞ്ഞുവീഴ്ത്തിയും
രവിബിംബംവരെക്കൊടി പറത്തുവാൻ

---

ശ്യവഹ്നിയിൽ അടൻവീണു വെന്തെരിഞ്ഞു. അഭിമാനം ജീവിതസൎവ്വസ്വമായിക്കരുതിയിരുന്ന ഞാൻ എൻെറ ഭിക്ഷാപാത്രം മുന്നോട്ടു നീട്ടി. പലപല വൻകാൎയ്യങ്ങളിൽ ഏൎപ്പെട്ടിരുന്ന ലോകം അതു കണ്ടില്ല. കണ്ട അപൂൎവ്വം ചിലർ കൈമലൎത്തിക്കാണിച്ചു. എൻെറ ദീനരോദനം വായുവിൽ ചില ദുർബലങ്ങളായ ചുരുളുകൾ മാത്രം ഉദ്ഭവിപ്പിച്ചു. വീണ്ടും കലശലായ വിശപ്പു്! ആ ഉഗ്രമായ കാട്ടുതീ കത്തിക്കാളി. എൻെറ ഉദ്ദേശങ്ങൾ തെറിച്ചു. മഹത്തായ ലക്ഷ്യങ്ങൾ താറുമാറായി ചിതറി വീണു. അവയ്ക്കു പകരം എൻെറ മങ്ങിയ കണ്ണുകൾക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ട ആ ലളിത കോമളങ്ങളായ മാൎഗ്ഗങ്ങൾ പാപമയങ്ങളെന്നു് ആരെങ്കിലും പറഞ്ഞാലും ഞാൻ അതു കേട്ടുകൂടാ. എനിക്കു് ഒരു വിധിഎഴുത്തിനേയും ഭയമില്ല. വിമൎശനവും നിരൂപണവുമൊക്കെ എനിക്കു പുല്ലാണു്. ഈ നിമിഷം എൻെറ മഹാ വ്യാധി ശമിപ്പിച്ചുതരൂ! നിങ്ങൾ പറയുന്നതുപോലെ ഞാൻ ജീവിക്കാം. നിങ്ങൾക്കുവേണ്ടി ജീവിക്കാം. നിങ്ങൾക്കുവേണ്ടി മരിക്കാം. സന്തോഷത്തോടെ മരിക്കാം.

സൂൎയ്യൻ ഉദിച്ചു. കുളിർകാററു വീശി. ഏകാന്ത ഭീകരമായ ആ ക്രൂര നിശീഥിനി അതിൻെറ സൎവ്വാംഗീണമായ വൈകൃതത്തോടെ കാലകല്ലോലച്ചുരുളിൽ അടിഞ്ഞു താണു.

# കൂട്ടിലേ കിളി.

പണ്ഡിതർ ഈ. വി. രാമൻ നമ്പൂതിരി, (വിദ്യാരത്നം)

"വനശുകം......ഇവിടെ എവിടെ?" എന്റെ സ്നേഹിതൻ ആശ്ചര്യപ്പെട്ടുകൊണ്ടു ചോദിച്ചു.

ഞാൻ വിരൽകൊണ്ട് കൂട ചൂണ്ടിക്കാണിച്ചുകൊടുത്തു. കൊക്കുകൊണ്ട് ഇരിമ്പഴികളോടു മല്ലിട്ടുംകൊണ്ട് മൈന പെട്ടെന്നു ചിലച്ചു.

എന്റെ സ്നേഹിതന്റെ മുഖത്ത് ഉടനടി ഏതോ വേദനയുടെ നിഴലടിയ്ക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ ഹൃദയം ഏതോ ദുഃഖപൂർണ്ണമായ ഒരു സ്മരണകൊണ്ട് വ്യാകുലപ്പെടുന്നുവെന്നു തോന്നും ആ മുഖഭാവം കണ്ടാൽ. സ്വല്പസമയത്തിനുശേഷം, കൈതിരുമ്മിക്കൊണ്ട് അദ്ദേഹം സാവധാനത്തിൽ പറയാൻ തുടങ്ങി:—

"വളരെ വഷങ്ങൾ കഴിഞ്ഞിരിക്കുന്നുവെങ്കിലും ആ കാഴ്ച എന്റെ ഹൃദയത്തിൽ, അതേ പുതുമയിൽ—തത്സ്വരൂപത്തിൽത്തന്നെ—ഇരിക്കുകയാണ്. ഞാ

---

ദുരാഗ്രഹമെഴും നരാധമന്മാർതൻ
പരാക്രമമേററമസഹ്യമാകവേ,
അധർമ്മമൊക്കെ നിർഭയം തകർക്കുവാ-
നഭംഗസ്വാതന്ത്ര്യ സമത്വം സ്ഥാപിക്കാൻ
സിര തിളച്ചുള്ള യുവാക്കളെത്രപേർ
കുരുതിയ്ക്കായ് സ്വയമുഴിഞ്ഞു തള്ളിനാർ!
കടുത്ത ചെഞ്ചോര പ്രവാഹത്തിലെത്ര
കനകസൗധങ്ങളിടിഞ്ഞുവീണുപോയ് !
സുകുമാരങ്ങളാം മുഖങ്ങളെത്ര ഹാ !
പുകഞ്ഞു ചാമ്പലായ് വിഷവായുവേൽക്കെ !
കുടിക്കാനില്ലാതെ പൊരിയുമാത്മാക്കൾ
നെടുവീർപ്പിലെത്ര പറന്നുപോയഹോ !
കലാപമിത്രയം കഴിയേണ്ടിവന്നു
സുലാവണ്യമയി ഭവതിയെത്തുവാൻ
കുനയമെന്നിയിങ്ങൊരുപോലെല്ലാക്കും
ധനവും ഭൂമിയും പകുത്തുനൽകുവാൻ.
പ്രശാന്തി പൂത്തു പൂമ്പരിമളോമ്മികൾ
ദിശാമുഖങ്ങളെ വിശുദ്ധമാക്കുവാൻ

നെൻെറ ഒരു സ്നേഹിതനോടൊന്നിച്ച് 'ജേൽ' കാണ്മാനായിട്ടുപോയി. ആ ഭയങ്കരസ്ഥലത്തേ സ്ഥാനങ്ങളെല്ലാം കണ്ടുകഴിഞ്ഞിട്ട്, ജെയ്ലർ ഒടുവിലിങ്ങനെ പറഞ്ഞു:—"വരുക" ഇനി നിങ്ങൾക്ക് ചിരകാലമായി മരണപര്യന്തം തടവുശിക്ഷയിൽ കിടക്കുന്ന ഒരു വിശേഷപ്പെട്ട 'പുള്ളി'യേ കാണിച്ചുതരാം ഞാൻ".

ഞങ്ങൾ ആ 'പുള്ളി'യുടെ മുറിയിലേയ്ക്കു കടന്നു. അപ്പോൾ അയാൾ മൌനമായിരുന്നു, തൻെറ കയ്യിലുള്ള കടലാസുതുണ്ടിൽ സ്ഥിരമായി നോക്കിക്കൊണ്ടിരിയ്ക്കയായിരുന്നു. ആൾ യുവാവാണ്; എങ്കിലും വാൎദ്ധക്യം തോന്നിച്ചിരുന്നു. ഒരു ക്രൂനപിടിച്ച......വിറച്ചു തുടങ്ങിയ...... നരാസ്ഥിക്രൂടം; മലിനമായ ഒരു പുതപ്പുകൊണ്ടു പൊതിഞ്ഞതു്; തൻെറ പണ്ടത്തേ സ്വാതന്ത്ര്യാവസ്ഥയുടെ അതിദയനീയമായ ഭഗ്നാവശേഷം— ആ പുള്ളിയേപ്പററി മറെറന്താ പറയുക!

ഞങ്ങളുടെ കാലടിയുടെ ഒച്ചകേട്ട് അയാൾ തൻെറ ദൃഷ്ടികളേ മേല്പോട്ടുയൎത്തി. ഹായ്! എനിക്കപ്പോൾ അയാളുടെ ഭാവം ശരിയ്ക്കറിയാൻ കഴിഞ്ഞില്ല. എന്നാൽ പിന്നീടറിഞ്ഞു; അയാളുടെ കണ്ണുകൾ! ചരമശ്വാസംവരെ എനിയ്ക്കവയേ മറക്കാൻ കഴികയില്ല; ദാരുണദുഃഖത്തിൻെറ പ്രതിമൂൎത്തികൾ തന്നെയാണവ. ആയാൾ പിന്നിട്ടു കഴിഞ്ഞ ഏകാന്ത ജീവിതത്തിൻെറ സുദീൎഘയുഗങ്ങളും, കാരാഗൃഹത്തിന്നു പുറത്തുള്ളവർ അയാളേ ശവക്കുഴിയിൽ മൂടുംവരെ ഇനിയും അയാൾക്ക കഴിച്ചുക്രൂട്ടുവാനുള്ള ബാക്കിയുഗങ്ങളും, എല്ലാം, തൻെറ സൎവ്വവേദനകളേയും വഹിച്ചുകൊണ്ടു് ആ കണ്ണുകളിൽനിന്നു പുറപ്പെട്ടുന്നുണ്ടായിരുന്നു. ബ്രഹ്മാണ്ഡത്തിലുള്ള സകല സ്വാതന്ത്ര്യജീവികളുടേയും വേദനകളെല്ലാം ക്രൂടിച്ചേൎന്നാലും ആ നിരാശപീഡയ്ക്കു തുല്യമാവുമായിരുന്നില്ല. ......അയാളുടെ വേദന എനിയ്ക്ക് അസഹ്യമായിത്തോന്നി. ആ മുറിയിൽ ഒരു വശത്തു കിടന്നിരുന്ന ഒരു മരക്കഷണം എടുത്തുനോക്കുവാൻ തുടങ്ങി ഞാൻ. അതിന്മേൽ ആ ജയിൽവാസി ഒരു ചിത്രം വരച്ചു വച്ചിട്ടുണ്ടായിരുന്നു:—

ചിത്രം—ഒരു സുന്ദരിയായ യുവതി, കൈയിൽ പൂച്ചെണ്ടും പിടിച്ചുകൊണ്ട്, ഒരു കുസുമോദ്യാനത്തിൻെറ ഇടയ്ക്ക് ഇരിക്കുന്നു.........പാൎശ്വത്തിൽ വളഞ്ഞുചുററി ഒഴുകുന്ന ഒരരുവി; യുവതിയുടെ മുകളിൽ ഒരു വലിയ വൃക്ഷം, പന്തലിച്ചിട്ടുതന്നു കിടക്കുന്ന ഇലകളുടെ ഇടയ്ക്കു മുഴുത്ത പഴങ്ങളേ വഹിച്ചും കൊണ്ടും— ഇങ്ങനെ ഒന്നാണെന്ന് എനിയ്ക്കു മനസ്സിലായി. ചിത്രം അതികൌതുകപ്രദമെന്നുള്ളതിനു സംശയമില്ല. എൻെറ ക്രൂട്ടുകാരൻ ചോദിച്ചു, "ജയിലിൽ വരുന്നതിനു മുമ്പ് ചിത്രം വരയ്ക്കാൻ പഠിച്ചിരുന്നുവോ?".

'ഇല്ല—ഇല്ല'—അയാൾ കൈയിളക്കിക്കൊണ്ടു പറഞ്ഞു. ജയിലറങ്ങുന്നിനറിയാമായിരുന്നു, ഇതാരുടേയും ചിത്രമല്ല, വെറും കല്പനയാണെന്ന്- എന്നാൽ, 'പുള്ളി' ഈ രണ്ടു വാക്ക പറഞ്ഞിട്ട് ഏതോ തരത്തിൽ ഒന്നു ചിരിച്ചതു കണ്ടാൽ, ഹൃദയഹീനമായ പിശാചുപോലും പൊട്ടിക്കരഞ്ഞുപോയേനേ. ആ ചിത്രത്തിൽ അയാൾ, സുന്ദരിയായ യുവതിയേയും, പച്ചച്ചു പന്തലിച്ചു ഫലപര

പൂർണ്ണമായ മാമരത്തേയും, ചെടികളേയും, സ്വാതന്ത്ര്യമുള്ള പറവകളേയും—അഥവാ തൻെറ ഹൃദയത്തിൻെറ സുന്ദരഭാവനകളേയെല്ലാം ഒന്നുചേത്തു വരച്ചു വച്ചിട്ടുണ്ടായിരുന്നു. ൧൮-വഷമായിരുന്നു അയാഠം അതുണ്ടാക്കുവാൻ തുടങ്ങിയിട്ട്. ഉണ്ടാക്കും; മായ്ക്കും; വീണ്ടും ഉണ്ടാക്കും; വീണ്ടും മായ്ക്കും. ഇങ്ങനെ അനേകശതം ആവൃത്തി കഴിഞ്ഞിട്ടുള്ള ഒരു കലാഫലമായിരുന്നു ആ ചിത്രം.

അയാഠം അവിടെ തടവുകാരനായിട്ട് ൨൦-വഷം ആയിരുന്നു. ജീവിയ്ക്കുന്നുവെങ്കിലും ശവംതന്നെ. ഏതൊരു പ്രാകൃതികവസ്തുവിൻേറയും സ്പശഗന്ധവണ്ണങ്ങളിൽനിന്നു വിദൂരിതൻ! അയാളുടെ ഓമ്മശക്തി കൂടിയും നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. തൻെറ തൃഷ്ണാകുലമായ ആത്മാവിൽനിന്നു വലിച്ചെടുത്തു വരച്ചുവച്ചതാണ് ഈ യുവതിയേയും, വൃക്ഷത്തേയും, പക്ഷികളേയും......മനുഷ്യൻെറ കലാവാസനയുടെ പരമകാഷ്ഠയായിരുന്നു ആ ചിത്രം; ഹൃദയത്തിൻെറ ഒരിയ്ക്കലും അടങ്ങാത്ത ഭാവനാപ്രവണതയുടെ യഥാത്ഥ രൂപരേഖയുമായിരുന്നു.

ആ സമയത്ത് എനിയ്ക്കു മൂകന്മാരായ മഹാത്യാഗികളുടെ പരമപരിശുദ്ധി തികച്ചും അനുഭവപ്പെട്ടു. കുരിശിൽ കയറിയിരിയ്ക്കുന്ന ഈ ജീവൽക്രിസ്തുവിൻെറ മുമ്പിൽ എൻെറ മസ്തകം സ്വയം കുനിഞ്ഞുപോയി. അവൻ എന്തപരാധവും ചെയ്തിരിക്കട്ടേ; അതിനേ ഞാൻ വകവയ്ക്കുന്നില്ല; ഗണിയ്ക്കുന്നില്ല. ഇതെനിയ്ക്കു തെളിച്ചുപറയാൻ കഴിയും—നമ്മുടെ സമുദായം ആ പ്രശാന്തപ്രാണിയോടു ചെയ്തിരിക്കുന്ന അപരാധം അക്ഷന്തവ്യം തന്നെയാകുന്നു.

എപ്പോഴെങ്കിലും ഏതെങ്കിലും പക്ഷിയേ ക്രൂട്ടിലടച്ചുകണ്ടാൽ എൻെറ കൺമുമ്പിൽ, ആ അകഥനീയവ്യഥയുടെ കാഴ്ച വരഞ്ഞുവരുകയായി—ആ തടവുകാരൻെറ കണ്ണുകളിൽ കണ്ട കഠിനക്കാഴ്ച!

എൻെറ സ്നേഹിതൻ മൌനമുദ്ര കൈക്കൊണ്ടു. കുറച്ചുനേരം കഴിഞ്ഞപ്പോഠം, ഞങ്ങളോടു യാത്രപറഞ്ഞുപോവുകയും ചെയ്തു.

---

[ 'നോബൽ പ്രൈസ്' വാങ്ങിയ 'ജോൺ ഗാത്സ്‌വത്തി'യുടെ ഒരു കഥയാണ് ഇതിൻെറ മൂലം]